# LAITY VOICE

2014 OCTOBER | Volume: 5 | No:4 | E-mail: laityvoice21@gmail.com




## കാർഷിക മേഖല തകർന്നടിയുന്നു; ഭരണനേതൃത്വങ്ങൾ കണ്ടുരസിക്കുന്നു

# ജനം പ്രക്ഷോഭത്തിലേയ്ക്ക്

**മലയോരമേഖലയിൽ ശ്മശാന മൂകത. റബർ ഉൾപ്പെടെ കാർഷിക വിളകളുടെ വിലയിടിവുമൂലം പ്രതിസന്ധി അതിരൂക്ഷം. ശക്തമായ ഇടപെടലുകൾ ഒന്നുമില്ലാതെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പരസ്പരം പഴിചാരി ഒളിച്ചുകളി തുടരുന്നത് ദുഃഖകരവും കുറ്റകരമായ അനാസ്ഥയുമാണ്. ഭരണനേതൃത്വങ്ങളുടെ നിസംഗനിലപാടുകൾക്കെതിരെ ജനരോഷം ശക്തമാകുന്നു. അസംഘടിത കർഷക മക്കളുടെ സംഘടിതനീക്കം പ്രക്ഷോഭമായി വരുംദിനങ്ങളിൽ മാറും. പശ്ചിമഘട്ടത്തെ വിലപറഞ്ഞ് വിദേശശക്തികൾക്ക് വിറ്റവരുടെ നാട്ടിൽ ഇനിയും വാഗ്ദാനപ്പെരുമഴയൊഴുക്കി എല്ലാം നഷ്ടപ്പെട്ടവരെ വീണ്ടും വിഡ്ഢികളാക്കാമെന്ന് ആരും കരുതരുത്.**

കർഷകസമൂഹത്തിന്റെ ദുരിതങ്ങൾക്ക് കേന്ദ്രസർക്കാർ അടിയന്തിരമായി ഇടപെട്ട് പരിഹാരം കാണണമെന്ന് അഭ്യർത്ഥിച്ച് ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ് (ഇൻഫാം) പ്രതിനിധി സംഘം കേന്ദ്ര വാണിജ്യ വ്യവസായ സഹമന്ത്രി നിർമ്മല സീതാരാമനുമായി കൂടിക്കാഴ്ച നടത്തി.

മാർ മാത്യു അറയ്ക്കലിന്റെ നേതൃത്വത്തിൽ പി.സി.സിറിയക് റിട്ട.ഐഎഎസ്, ഷെവലിയർ വി.സി.സെബാസ്റ്റ്യൻ, ഡോ.എം.സി.ജോർജ്ജ്, പി.സി.ജോസഫ് എക്സ് എംഎൽഎ, കെ.മൊയ്തീൻ ഹാജി, ജോയി തെങ്ങുംകുടി, അഡ്വ.പി.എസ്.മൈക്കിൾ എന്നിവരുൾപ്പെടുന്ന പ്രതിനിധിസംഘമാണ് ചർച്ചനടത്തിയത്. വന്യമൃഗശല്യങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും മലയോരമേഖലയിൽ കൃഷി അസാധ്യമാക്കുമ്പോൾ ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ഉയർത്തുന്ന വെല്ലുവിളികൾ സാധാരണക്കാരായ കർഷകരെ കണ്ണീരിലാഴ്ത്തുന്നു. കർഷകരെ സംരക്ഷിക്കുവാൻ ബാധ്യതയും ഉത്തരവാദിത്വവുമുള്ള റബ്ബർ ബോർഡ് ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടുകയാണ്. കേന്ദ്രസർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് പ്രതിനിധിസംഘം അഭ്യർത്ഥിച്ചു.



*ബിഷപ് മാത്യു അറയ്ക്കലിന്റെ നേതൃത്വത്തിലുള്ള ഇൻഫാം പ്രതിനിധി സംഘം കേന്ദ്ര വാണിജ്യവ്യവസായ സഹമന്ത്രി ശ്രീമതി നിർമ്മല സീതാരാമനുമായി കൂടിക്കാഴ്ച നടത്തുന്നു. പി.സി.സിറിയക്, ഡോ.എം.സി.ജോർജ്, പി.സി.ജോസഫ് എക്സ് എംഎൽഎ, ഷെവലിയർ വി.സി. സെബാസ്റ്റ്യൻ എന്നിവർ സമീപം.*

## LAITY VOICE ക്രൈസ്തവജനതയുടെ മുഖപത്രം

**ജനസമൂഹത്തിന്റെ ജീവനും ജീവിതത്തിനും വെല്ലുവിളി ഉയർത്തുന്ന ജനകീയ പ്രശ്നങ്ങളിൽ ശബ്ദമായി വീണ്ടും ലെയ്റ്റി വോയ്സ്. ലോകമെമ്പാടുമുള്ള 4 ലക്ഷത്തിലേറെ വരിക്കാരിലേയ്ക്കും അതിലേറെ വായനക്കാരിലേയ്ക്കും എത്തിച്ചേരുന്ന ലെയ്റ്റി വോയ്സ് സീറോ മലബാർ സഭാമക്കൾ മാത്രമല്ല, ആഗോള ക്രൈസ്തവ വിശ്വാസിസമൂഹം ഒന്നാകെ ഇരുകരങ്ങളും നീട്ടി സ്വീകരിച്ചിരിക്കുന്നത് ആവേശമുണർത്തുന്നു. തീവ്രവാദ ഭീകരപ്രസ്ഥാനങ്ങൾക്കെതിരെ വിരൽ ചൂണ്ടിയ കഴിഞ്ഞ ലക്കത്തിന് കിട്ടിയ പ്രതികരണങ്ങൾ അത്ഭുതപ്പെടുത്തുന്നു. എല്ലാ ക്രൈസ്തവ വിഭാഗങ്ങളുടെയും കൂട്ടായ്മയും ഐക്യവും പരസ്പര സഹകരണവും അടിയന്തരമായ ഇന്നത്തെ സാഹചര്യത്തിൽ അതിനൊരു ചാലകശക്തിയാണ് ലെയ്റ്റി വോയ്സ്. അതേ, ക്രൈസ്തവ ജനതയുടെ മുഖപത്രമാണിത്. ജനകീയ പ്രശ്നങ്ങളിൽ അവസരോചിതമായ ഇടപെടലുകൾ നിരന്തരം നാം തുടരുന്നു. റീത്തുകൾക്കും മത-രാഷ്ട്രീയ ചിന്തകൾക്കും അതീതമായി ദൈവത്തിന്റെ മഹാദാനമായ "ജീവന്റെ സംരക്ഷണം" അതാണ് നമ്മുടെ ലക്ഷ്യം. പ്രതിസന്ധികളേയും പ്രതിബന്ധങ്ങളേയും അതിജീവിച്ച് സധൈര്യം മുന്നോട്ടുള്ള ഈ പോരാട്ടത്തിൽ മനസാക്ഷി മരവിച്ചിട്ടില്ലെങ്കിൽ നിങ്ങൾക്കും പങ്കുചേരാം. നമുക്കൊരുമിച്ചു കൈകോർക്കാം.**



# കർഷകമക്കളെ കണ്ണീർക്കയത്തിലേയ്ക്ക് തള്ളിയിട്ടതാര്?

ഇവിടെ കുറിക്കപ്പെടുന്നത് വിവിധ ക്രൈസ്തവ സഭാവിഭാഗങ്ങളുടെയോ സമുദായത്തിന്റെയോ നിലപാടുകളല്ല. മറിച്ച്, കേരളത്തിലെ മലനാടുകളിലും മലയോരങ്ങളിലും മണ്ണിനോടും മലമ്പാമ്പുകളോടും മല്ലിട്ട് മണ്ണിൽ പണിയെടുക്കുന്ന കർഷകമക്കളുടെ നെഞ്ചുരുകുന്ന നൊമ്പരമാണ്. കാർഷിക മേഖലയിലെ വിലത്തകർച്ചയിൽ ജീവിതം തള്ളിനീക്കുന്ന ജനസമൂഹത്തിന്റെ കണ്ണീരിൽ ചാലിച്ചെടുത്ത ആത്മരോഷവുമാണ്. മാറിമാറി കേന്ദ്രവും കേരളവും ഭരിച്ച സർക്കാരുകളുടെ നിരന്തരമുള്ള വാഗ്ദാന ലംഘനത്തിന്റെയും കർഷകവഞ്ചനയുടെ ചരിത്രവും വിരുദ്ധ നിലപാടുകളും, ദുഃഖസത്യങ്ങളുമാണ്.

സത്യം പറയുമ്പോൾ പലർക്കും വേദനിക്കും. പക്ഷേ കൺമുമ്പിൽ കാണുന്ന യാഥാർഥ്യങ്ങളുടെ നേരെ മുഖം തിരിച്ചു നിൽക്കുവാൻ നമുക്കാവില്ല. **കർഷകനെന്ന അസംഘടിത വർഗ്ഗത്തെ കാലാകാലങ്ങളായി അടിമകളേപ്പോലെവെച്ച് പ്രതീക്ഷകളും സ്വപ്നങ്ങളും വാരിവിതറി നേട്ടങ്ങൾ കൊയ്തവരുടെ പൊയ്മുഖങ്ങൾ വലിച്ചുകീറുവാനുള്ള ആർജവവും തന്റേടവും ഇന്നത്തെ തലമുറയ്ക്കുണ്ടായത് തെറ്റായിപ്പോയെങ്കിൽ ക്ഷമിക്കണം.** വിഢിവേഷംകെട്ടി ആട്ടും തുപ്പുമേറ്റ് അധികാരക്കൊതിയന്മാരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിട്ടുകൊടുക്കുവാൻ ഇനി നമുക്ക് ആരെയും അനുവദിച്ചുകൂടാ.

മണ്ണിന്റെ മക്കളെ തകർച്ചയുടെ ഈ കണ്ണീർക്കയത്തിലേയ്ക്ക് തള്ളിയിട്ടതാര്? കോൺഗ്രസ് നേതൃത്വത്തിലുള്ള യുപിഎ സർക്കാരിന്റെ കർഷകവഞ്ചനയുടെയും ജനദ്രോഹ നടപടികളുടെയും ബാക്കിപത്രമാണ് കാർഷികമേഖലയെയാകെ ഇരുട്ടിലാക്കിയിരിക്കുന്ന ഇന്നത്തെ ഈ പ്രതിസന്ധിയുടെ അടിസ്ഥാനം. ഈ ദുരവസ്ഥയിൽ നമ്മെ എത്തിച്ചതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് യുഡിഎഫ് നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരിനും ഒഴിഞ്ഞുമാറാനാവില്ല.

ആഗോള തലത്തിലുള്ള റബറിന്റെ വിലയിടിവാണ് ഇന്നത്തെ തകർച്ചയ്ക്ക് കാരണമെന്ന മുടന്തൻ ന്യായങ്ങൾ നിരത്തിയും വാദമുഖങ്ങളുയർത്തിയും രാഷ്ട്രീയ ഉദ്യോഗസ്ഥ സംവിധാനങ്ങൾ സ്ഥിരം പല്ലവി ആവർത്തിക്കുന്നത് ലജ്ജാകരം. തുടർച്ചയായി റബർ ഇറക്കുമതിക്ക് അനുമതിയും നേതൃത്വവും നൽകിയവരുടെ വാക്കുകൾക്ക് എന്തു വിശ്വസ്തത? **വിലയിടിയുമ്പോൾ വിപണിയിലിടപെട്ട് ജനങ്ങളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വത്തിൽ നിന്ന് സംസ്ഥാന സർക്കാരും ഒളിച്ചോടിയിരിക്കുന്നത് ഏറെ ദുഃഖകരമാണ്.** **കർഷക സംരക്ഷകരാകേണ്ട റബർബോർഡാകട്ടെ വെറും റബർ സ്റ്റാമ്പും നാഥനില്ലാക്കളരിയുമാണ്.** സ്വാഭാവിക റബറിന് കുത്തനെ വിലയിടിഞ്ഞിട്ടും റബറുൽപ്പന്നങ്ങൾക്ക് കൂടിയ വിലനിലനിൽക്കുന്നതും ഉയരുന്നതും ഭരണരാഷ്ട്രീയ നേതൃത്വങ്ങൾ ആരുടെ സംരക്ഷകരാണെന്ന തിരിച്ചറിയുവാൻ ജനങ്ങൾക്കാകും. രണ്ടുരൂപ അധികവിലയ്ക്ക് സർക്കാർ ഏജൻസികളിലൂടെ റബർ സംഭരിക്കുമെന്ന വാഗ്ദാനം എവിടെപ്പോയെന്നു മാത്രമല്ല പിച്ചക്കാശ് നൽകി കർഷകരെ വിഢികളാക്കുന്ന കുതന്ത്രം വിലപ്പോവില്ലെന്നു മനസിലാക്കുവാനുള്ള സാമാന്യബുദ്ധിയെങ്കിലും യുഡിഎഫ് നേതൃത്വത്തിനും സർക്കാരിനുമുണ്ടാകണം.



**അധികാരത്തിലേറുവാനും അധികാരം നിലനിർത്തുവാനുമായി വാഗ്ദാനപ്പെരുമ്പറ കൊട്ടി കർഷകജനതയെ വിഢികളാക്കി നേട്ടം കൊയ്തവരുടെ തനിനിറം നാം തിരിച്ചറിയാൻ വൈകിപ്പോയി എന്നതാണ് വാസ്തവം.** കർഷകസംരക്ഷകരെന്ന് ഗീർവാണം മുഴക്കി വഴിപാടുസമരങ്ങൾ നടത്തി വഞ്ചനതുടരുക മാത്രമല്ല ഇടത്തേയ്ക്കോ വലത്തേയ്ക്കോ എന്നറിയാതെ ക്ലേശിക്കുന്ന കർഷകപാർട്ടികൾ കഴിഞ്ഞ നാളുകളിൽ നമുക്ക് എന്തുനേടിത്തന്നു? കർഷകസമൂഹത്തെ വിലപറഞ്ഞുവിറ്റവരുടെ പുറകേ ഇന്നും നടക്കുന്നവർ ശുദ്ധവിവരദോഷികൾ.

ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെയും സർക്കാരിന്റെ ജനദ്രോഹ ഉത്തരവുകളുടെയും പേരിൽ ഉയർന്നുപൊങ്ങിയ ജനരോഷത്തിന്റെ അലയടികൾ ഹൈറേഞ്ചിലും മലബാറിലും ഇപ്പോഴും നിലനിൽക്കുന്നു. ആ സംഘടിത ശക്തികളുടെ വീര്യവും ഊർജ്ജവും മസ്തിഷ്കത്തിൽ മാത്രമല്ല മനസിലും കൈവെള്ളയിലും സൂക്ഷിച്ച് ശക്തിസംഭരിച്ചുള്ള ജനകീയ മുന്നേറ്റങ്ങൾ ഇനിയുമുണ്ടാവും.

**സാമ്പത്തിക തകർച്ചയിൽ നടുവൊടിഞ്ഞ് ആത്മഹത്യയുടെ വക്കിലെത്തിയിരിക്കുന്ന കർഷകരെ കണ്ടില്ലെന്നു നടിക്കുന്ന സർക്കാരിന്റെ ധിക്കാരമനോഭാവത്തിന് മാറ്റം വരണം.** എത്രമാത്രം തിരിച്ചടിയേറ്റിട്ടും നിസംഗതയോടെ എല്ലാറ്റിനേയും നോക്കിക്കാണുന്ന കർഷകരുടെ മനസിനും ചിന്തകൾക്കും വേണം മാറ്റം. സംഘടിത ഉദ്യോഗസ്ഥ ലോബികൾക്കുമുമ്പിൽ ടി.എ., ഡി.എ., അലവൻസ് എന്നീ ഓമനപ്പേരുകളിൽ ആനുകൂല്യങ്ങൾ വാരിക്കോരി നൽകുന്നവർ മണ്ണിൽപണിയെടുത്ത് അന്നനാളത്തിലൂടെ ആഹാരമെത്തിക്കുന്നവന്റെ പുറത്തുചവിട്ടി രസിക്കുന്നത് ഇനിയും അംഗീകരിച്ചുകൊടുക്കാനാവില്ല. ഇൻഫാം തുടങ്ങിയ വിവിധ പ്രസ്ഥാനങ്ങളിലൂടെ കർഷകർ ശക്തി സംഭരിക്കണം. ഈ നാടിന്റെ മുക്കിലും മൂലയിലും ഒട്ടനവധി കൂട്ടായ്മകൾ നമുക്കുവേണം. അതിലുപരി ഈ കൂട്ടായ്മകൾ ഒത്തുചേർന്ന് സംഘടിത ശക്തിയായി മാറണം.

2014 സെപ്തംബർ 27ന് കൊച്ചിയിൽവെച്ച് കേന്ദ്രവാണിജ്യ വകുപ്പ് സഹമന്ത്രി ശ്രീമതി നിർമ്മല സീതാരാമനെ നേരിൽകണ്ട് കേരളത്തിലെ റബർ കർഷകർ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചു സൂചിപ്പിച്ചപ്പോൾ അവർ പറഞ്ഞ വാക്കുകൾ ഇവിടെ കുറിക്കുന്നു: “കേന്ദ്രം ഇക്കാലം വരെ ഭരിച്ചവരും ഇപ്പോൾ കേരളം ഭരിക്കുന്നവരും കോൺഗ്രസ് നേതൃത്വ മുന്നണികളല്ലേ, ഈ തകർച്ചയുടെ ഉത്തരവാദിത്വം അവർക്കുമില്ലേ, കർഷകരെ രക്ഷിക്കുവാൻ ഇവരെന്തു ചെയ്തു? മോദി സർക്കാർ കർഷകരെ സഹായിക്കാൻ ശ്രമിക്കും”. മന്ത്രിയുടെ അവസാന വാക്കുകൾ പ്രതീക്ഷ നൽകുന്നു. കാരണം, **2002–ൽ ഇന്നത്തെ ദുരവസ്ഥയോട് സമാനമായ പ്രതിസന്ധിയെ നാം അഭിമുഖീകരിച്ചപ്പോൾ ഇന്ത്യയുടെ കിഴക്കേ തീരത്തുള്ള കൽക്കത്ത, വിശാഖപട്ടണം എന്നീ തുറമുഖങ്ങളിലൂടെ മാത്രം റബർ ഇറക്കുമതി ചെയ്യാവൂ എന്ന് ഉത്തരവിറക്കുകയും ഇറക്കുമതി ചെയ്യുന്ന റബറിന് ക്വാളിറ്റി കൺട്രോൾ ഏർപ്പെടുത്തുകയും ചെയ്തത് എ.ബി.വാജ്പേയി സർക്കാരാണ്.** പ്രധാനമന്ത്രി നരേന്ദ്രമോദിക്കും വാജ്പേയിയുടെ മനോഭാവമുണ്ടായാൽ ഒരു ജനതയെ കണ്ണീർക്കയത്തിൽ നിന്നു കരകയറ്റാനാവും.

**ഷെവലിയർ വി.സി.സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**

# ഐക്യമില്ലായ്മയാണ് ഭാരത ക്രൈസ്തവ സമൂഹം നേരിടുന്ന വെല്ലുവിളി: ഷെവലിയർ വി.സി.സെബാസ്റ്റ്യൻ

ബാംഗ്ലൂർ: വിവിധ ക്രൈസ്തവ വിഭാഗങ്ങൾ തമ്മിലുള്ള ഐക്യമില്ലായ്മയും പരസ്പര മത്സരവുമാണ് ഭാരതത്തിലെ ക്രൈസ്തവ സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്നും സഹകരണവും കൂട്ടായ്മയും ശക്തിപ്പെടുത്തേണ്ടതും ഊട്ടിയുറപ്പിക്കേണ്ടതും ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ഷെവലിയർ വി.സി.സെബാസ്റ്റ്യൻ. ആഗോള കത്തോലിക്കാസഭയുടെ അംഗീകാരമായ ഷെവലിയർ പദവി ലഭിച്ചതിൽ അനുമോദിക്കുവാൻ ബാംഗ്ലൂർ സീറോ മലബാർ മിഷൻ നൽകിയ സ്വീകരണ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു വി.സി.സെബാസ്റ്റ്യൻ.

റീത്തുകളിലും ആരാധനകളിലും ആചാരാനുഷ്ഠാനങ്ങളിലും വ്യത്യസ്ഥതകൾ നിലനിൽക്കുമ്പോഴും പൊതുവായ സാമൂഹിക രാഷ്ട്രീയ വിഷയങ്ങളിൽ വിവിധ ക്രൈസ്തവ വിഭാഗങ്ങൾക്ക് കൂട്ടായ തീരുമാനങ്ങളും നിലപാടുകളും എടുക്കുവാൻ സാധിക്കാത്തത് ദുഃഖകരമായ അവസ്ഥയാണ്. 2001-ലെ സെൻസസിൽ 2.32 ശതമാനം ക്രിസ്ത്യാനികളാണ് ഇന്ത്യയിലുണ്ടായിരുന്നത്. 2011-ൽ ഈ ശതമാനം രണ്ടിൽ താഴെയായി മാറി. സുവിശേഷവൽക്കരണമെന്ന അടിസ്ഥാന ശുശ്രൂഷയിൽ നിന്ന് ഇന്ത്യയിലെ ക്രൈസ്തവ സമൂഹങ്ങൾ വഴുതിമാറിപ്പോകുന്നുണ്ടോയെന്ന് വിവിധ സഭാ നേതൃത്വങ്ങൾ ഗൗരവമായി പുനർവിചിന്തനം നടത്തണമെന്നും അദ്ദേഹം സൂചിപ്പിച്ചു.

ബാംഗ്ലൂർ കൽക്കരെ സെന്റ് ജോസഫ്സ് ചർച്ച് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ബാംഗ്ലൂർ സീറോ മലബാർ സഭ എപ്പിസ്കോപ്പൽ വികാർ റവ.ഡോ. മാത്യു കോയിക്കര അദ്ധ്യക്ഷത വഹിച്ചു. സീറോ മലബാർ സഭയുടെ ഇന്ത്യയിലെ മുൻ അപ്പസ്തോലിക് വിസിറ്റേറ്റർ മാർ ഗ്രേഷ്യൻ മുണ്ടാടൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. അല്മായ കമ്മീഷൻ സെക്രട്ടറിയെന്ന നിലയിലുള്ള ഷെവലിയർ വി,സി.സെബാസ്റ്റ്യന്റെ പ്രവർത്തനങ്ങളിലൂടെ സീറോ മലബാർ സഭാ വിശ്വാസിസമൂഹത്തിന് ആഗോള തലത്തിലുണ്ടായിരിക്കുന്ന ഉണർവ്വ് അഭിമാനമുളവാക്കുന്നതാണെന്ന് മാർ ഗ്രേഷ്യൻ മുണ്ടാടൻ പറഞ്ഞു.

ബാംഗ്ലൂർ സീറോ മലബാർ മിഷൻ വിശ്വാസപഠനകേന്ദ്രം ഡയറക്ടർ റവ.ഡോ.തോമസ് കല്ലുകളം, ലെയ്റ്റി കോർഡിനേറ്റർ കെ.പി.ചാക്കപ്പൻ, എന്റർപ്രണേഴ്സ് ഫോറം അസിസ്റ്റന്റ് ഡയറക്ടർ ഡോ.മാത്യു മാമ്പ്ര, പ്രൊഫ.മാത്യു മണിമല, സെന്റ് ജോസഫ്സ് ചർച്ച് വികാരി ഫാ.സജി കളപ്പുരയ്ക്കൽ എം.സി.ബി.എസ്., ജോസ് വേങ്ങത്തടം എന്നിവർ സംസാരിച്ചു.



*ബാംഗ്ലൂർ സീറോ മലബാർ സഭ മിഷന്റെ ആഭിമുഖ്യത്തിൽ കൽക്കരെ സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ "എയ്ഞ്ചൽസ് മീറ്റ് 2014" ഇന്ത്യയിലെ മുൻ അപ്പസ്തോലിക് വിസിറ്റേറ്റർ മാർ ഗ്രേഷ്യൻ മുണ്ടാടൻ ഉദ്ഘാടനം ചെയ്യുന്നു. പ്രൊഫ.മാത്യു മണിമല, ഷെവലിയർ അഡ്വ.വി.സി. സെബാസ്റ്റ്യൻ, റവ.ഡോ.മാത്യു കോയിക്കര, റവ.ഡോ.തോമസ് കല്ലുകളം, ഫാ.സജി കളപ്പുരയ്ക്കൽ, ലെയ്റ്റി കോർഡിനേറ്റർ കെ.പി.ചാക്കപ്പൻ എന്നിവർ സമീപം.*

## ഫാ. സെബാസ്റ്റ്യൻ കൈപ്പൻപ്ലാക്കൽ എസ്എംവൈഎം പ്രഥമ ഡയറക്ടർ

സീറോ മലബാർ സഭയുടെ യുവജനപ്രസ്ഥാനമായ സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ (എസ്എംവൈഎം) പ്രഥമ ഡയറക്ടറായി കാഞ്ഞിരപ്പള്ളി രൂപതാംഗമായ ഫാ. സെബാസ്റ്റ്യൻ കൈപ്പൻപ്ലാക്കൽ നിയമിതനായി. കാക്കനാട്ട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന യുവജന സമ്മേളനത്തിൽ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയാണു പ്രഖ്യാപനം നടത്തിയത്. കഴിഞ്ഞ നാല് വർഷക്കാലമായി സഭയുടെ യുവജന പ്രസ്ഥാനം രൂപീകരിക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭനടപടികളുടെ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചുവരുകയായിരുന്നു അദ്ദേഹം. സീറോ മലബാർ സഭയുടെ 31 രൂപതകളിലെയും യുവജനങ്ങളുടെ ഏകോപനവും



വിശ്വാസ - ധാർമ്മിക പരിശീലനവും ലക്ഷ്യമിടുന്ന എസ്എംവൈഎം സഭയുടെ വിശ്വാസ ചൈതന്യത്തിൽ യുവജനങ്ങളെ പരിപോഷിപ്പിക്കാനും വചനാധിഷ്ഠിത ജീവിതത്തിലൂടെ അവരുടെ സമഗ്രവളർച്ച ഉറപ്പുവരുത്താനും വേണ്ടി പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകും. കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കത്തീഡ്രൽ ഇടവകയിലെ കൈപ്പൻപ്ലാക്കൽ ചാക്കോ - അന്നമ്മ ദമ്പതികളുടെ പുത്രനായ ഫാ. സെബാസ്റ്റ്യൻ കൈപ്പൻപ്ലാക്കൽ കാഞ്ഞിരപ്പള്ളി രൂപതാ യുവദീപ്തി കെസിവൈഎമ്മിന്റെ ഡയറക്ടറായും രൂപതയുടെ മുഖപത്രമായ ദർശകന്റെ മാനേജിംഗ് എഡിറ്ററായും സേവനമനുഷ്ഠിക്കുന്നു.



## റബർ വിലയിടിവ് – സത്യങ്ങൾ സംസാരിക്കുന്നു

# സർക്കാരുകളുടേത് കുറ്റകരമായ അനാസ്ഥ

അഡ്വ. പി. സി. ജോസഫ് എക്സ് എംഎൽഎ

1947-ലെ റബ്ബർ ആക്ടിന്റെ 13-ാം വകുപ്പു പ്രകാരം തന്നാണ്ടിൽ സോഭാവിക റബ്ബറിന് താഴ്ന്ന വിലയും ഉയർന്ന വിലയും നിശ്ചയിച്ച് പ്രഖ്യാപിക്കാനുള്ള സ്റ്റാറ്റ്യൂട്ടറി അധികാരം റബ്ബർ ബോർഡിനുണ്ട്. എന്നാൽ തങ്ങളിൽ നിക്ഷിപ്തമായ ഈ അധികാരം വർഷങ്ങളായി ഉപയോഗിക്കാതെ റബ്ബർ ബോർഡ് തികഞ്ഞ അനാസ്ഥ കാണിക്കുന്നു.

റബ്ബറിന്റെ വില നിശ്ചയിക്കുമ്പോൾ സ്വാഭാവികമായും റബ്ബറിന്റെ ഉത്പാദന ചെലവിനെ അടിസ്ഥാനമാക്കിയാണല്ലോ അത് ചെയ്യാൻ കഴിയുക. റബ്ബർ ബോർഡിന് മികവുറ്റ ഉദ്യോഗസ്ഥന്മാരാൽ നയിക്കപ്പെടുന്ന ഒരു സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് തന്നെയുണ്ട്. ഉത്തരവാദിത്വബോധമുള്ള ഒരു സ്ഥാപനം തലേവർഷം തന്നെ ഇങ്ങനെയുള്ള പഠനം മുൻകൂട്ടി നടത്താറുണ്ട്.



അതിലും പ്രധാനപ്പെട്ട വിഷയം ഭാരതം റബ്ബർ ഉത്പാദനത്തിൽ സ്വയം പര്യാപ്തമാണ് എന്ന സത്യമാണ്. റബ്ബർ ബോർഡിന് ലഭിച്ചിട്ടുള്ള രജിസ്ട്രേഷൻ തോട്ടങ്ങളുടെ കണക്കുകൂട്ടിയാണ് 65,000 - 75,000 ടൺ റബ്ബറിന്റെ സ്കേഴ്സിറ്റി ഉണ്ടെന്ന് നിഗമനത്തിലെത്തുന്നത്. എന്നാൽ റബ്ബർബോഡിന്റെ പക്കൽ രേഖയില്ലാത്ത ഉത്പാദനത്തിന്റെ കണക്കുകൂടിയെടുത്താൽ ഭാരതത്തിലെ ആഭ്യന്തര ഉത്പാദനം ആവശ്യത്തിലധികം ഉണ്ടെന്നുള്ളതാണ് വസ്തുത. ഉത്പാദനം കുറച്ചുകാണിക്കാനും ഉപഭോഗം കൂട്ടിക്കാണിക്കാനും സ്വാധീനമുള്ളവരാണ് ഭാരതത്തിലെ വൻകിട ടയർ കമ്പനികൾ.

**ഒരു രാജ്യത്ത് ഒരു കാർഷിക ഉത്പന്നം സ്വയം പര്യാപ്തമാണെങ്കിൽ അത് പുറം രാജ്യത്തുനിന്ന് ഇറക്കുമതി ചെയ്യാൻ നിയമം അനുവദിക്കുന്നില്ല. നമ്മുടെ സ്വയം പര്യാപ്തത തെളിയിച്ചാൽ ആ കാരണത്താൽ തന്നെ ഇറക്കുമതി നിയമ വിരുദ്ധമാകും. റബ്ബർ ബോർഡ് അടിയന്തിരമായി ചെയ്യേണ്ട ജോലികൾ ഉത്പാദനത്തിന്റെയും ഉത്പാദന ചെലവിന്റെയും കൃത്യമായ കണക്ക് ശാസ്ത്രീയമായി കണ്ടെത്തുക എന്നുള്ളതാണ്. അതുപോലെ തന്നെ ഭരണഘടനാപരമായി നിലവിലുള്ള അധികാരം ഉപയോഗിച്ച് ഉയർന്ന - താഴ്ന്ന വില പ്രഖ്യാപിക്കുകയുമാണ്.**

ഉത്പാദന ചെലവിനോട് നീതി പുലർത്താത്തതാണ് മാർക്കറ്റ് വില എങ്കിൽ പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് ഉപയോഗിച്ച് പ്രൊഡക്ഷൻ കോസ്റ്റിനേക്കാൾ 10% കൂടുതൽ കൊടുത്ത് റബ്ബർ സംഭരിക്കാവുന്നതാണ്. പ്രൈസ് സ്റ്റബിലൈസേഷൻ ഫണ്ടായി അഞ്ഞൂറു കോടിയിലധികം തുക കേന്ദ്രഗവൺമെന്റിന്റെ പക്കലുണ്ട്.

റബ്ബർ ബോർഡ് ഉത്പാദനത്തിന്റെ കണക്ക് ശാസ്ത്രീയമായി എടുക്കുന്നതുവരെ ടയർ കമ്പനികൾ സ്വാധീനം ഉപയോഗിച്ച് റബ്ബർ ഇറക്കുമതി ചെയ്യും. ഇറക്കുമതിയ്ക്ക് ക്വാളിറ്റി കൺട്രോൾ പ്രായോഗികമല്ലാത്ത തരത്തിൽ സർവ്വ തുറമുഖങ്ങളിലൂടെയും ഇപ്പോൾ ഇറക്കുമതി സാദ്ധ്യമാണ്. 2002 ൽ കേരളത്തിലെ പ്രധാനപ്പെട്ട ഒരു കർഷക സംഘടന അന്നത്തെ ഇടുക്കി മുവാറ്റുപുഴ എം.പി. മാരുടെ നേതൃത്വത്തിൽ കേരളത്തിൽ നിന്നുള്ള ബി.ജെ.പി മന്ത്രിയുടെ സഹായത്തോടെ അന്നത്തെ വാണിജ്യമന്ത്രി ശ്രീ.മുരശൊലി മാരനെ കണ്ട് പോർട്ട് റസ്ട്രിക്ഷനുവേണ്ടി അഭ്യർത്ഥിക്കുകയും ഇന്ത്യുടെ കിഴക്കേഭഗത്തുള്ള കൽക്കട്ട, വിശാഖപട്ടണം എന്ന രണ്ടുതുറമുഖങ്ങളിലൂടെ മാത്രമെ റബ്ബർ ഇറക്കുമതി ചെയ്യാവൂ എന്ന ഉത്തരവ് ഇറങ്ങുകയും ചെയ്തു. അതുവഴി ക്വാളിറ്റി കൺട്രോൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞു.

ഇതിനെതിരെ ടയർ കമ്പനികൾ ബോംബെ ഹൈകോടതിയെ സമീപിച്ചെങ്കിലും കോടതി വിധി ടയർ കമ്പനികൾക്കെതിരായിരുന്നു. അവർ സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തു. ഈ അപ്പീൽ സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുമ്പോഴാണ് യു.പി.എ. ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നത്. അപ്പീലിന്റെ തീരുമാനം വരുന്നതുപോലും കാക്കാതെ റബ്ബർ കർഷകരെ മുഴുവൻ ഞെട്ടിപ്പിച്ചുകൊണ്ട് യു.പി.എ. ഗവൺമെന്റ് തുറമുഖ നിയന്ത്രണം എടുത്തുകളഞ്ഞു.

യു.പി.എ. ഗവൺമെന്റിലെ രണ്ടാം സ്ഥാനക്കാരനുൾപ്പെടെ എട്ടു മന്ത്രിമാർ കേരളത്തിൽ നിന്നും യു.പി.എ. മന്ത്രിസഭയിലുള്ളപ്പോഴാണ് റബ്ബർ കർഷകരെ ഒന്നടങ്കം ദ്രോഷിക്കുന്ന ഈ നടപടി കുത്തക ടയർ കമ്പനികൾക്കുവേണ്ടി അരങ്ങേറിയത്.

അഡ്വാൻസ് ജനറൽ ലൈസൻസ് ഉപയോഗിച്ച് സീറോ ഡ്യൂട്ടിയിലാണ് ഇറക്കുമതി ചെയ്യുന്ന റബ്ബറിന്റെ ഭൂരിഭാഗവും. അതിന്റെ നിയമം ഇറക്കുമതി ചെയ്യുന്ന ഉത്പന്നം മുഴുവൻ പ്രോസസ് ചെയ്ത് രണ്ട് വർഷത്തിനുള്ളിൽ കയറ്റുമതി ചെയ്യണം എന്നതാണ് നിയമം. റബ്ബർ ബോർഡിൽ നിന്ന് കിട്ടിയ കണക്ക് അനുസരിച്ച് രണ്ട് വർഷത്തെ ഇറക്കുമതി (ടണ്ണിൽ) ഇപ്രകാരമാണ്:

| വർഷം | ഉദ്പാദനം | ഉപയോഗം | കമ്മി | ഇറക്കുമതി | മിച്ചം |
|---|---|---|---|---|---|
| 2011-12 | 9,03,700 | 9,64,415 | 60,715 | 2,05,432 | 1,44,717 |
| 2012-13 | 8,50,200 | 8,92,462 | 42,265 | 2,07,422 | 1,65,178 |

ഈ സ്ഥിതിവിവരകണക്ക് പരിശോധിച്ചാൽ വ്യവസായികൾ ഉണ്ട് എന്നു പറയുന്ന കുറവിനേക്കാൾ വളരെ കൂടിയ അളവിലാണ് ഇന്ത്യയിലേക്ക് സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്നത് എന്നു കാണാൻ കഴിയും.

അഡ്വാൻസ് ജനറൽ ലൈസൻസ് ഉപയോഗിച്ച് ഇറക്കുമതി ചെയ്യുന്ന വസ്തുക്കൾ രണ്ട് വർഷത്തിനുള്ളിൽ പ്രോസസ് ചെയ്ത് പൂർണ്ണമായും കയറ്റി അയക്കണമെന്ന നിയമം നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. ഈ നിയമം റബ്ബർ ഇറക്കുമതി ചെയ്യുന്നവർ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് മോണിട്ടർ ചെയ്യുന്നത് ആരാണെന്നും എങ്ങനെയാണെന്നും അറിയാനുള്ള അവകാശം റബ്ബർ ഉത്പാദകർക്കും അറിയിക്കാനുള്ള ചുമതല റബ്ബർ ബോർഡിനും ഉണ്ട്.

**റബ്ബർ ഉത്പാദനത്തിൽ തൊണ്ണൂറു ശതമാനവും കേരളത്തിന് അവകാശപ്പെട്ടതാണ്. റബ്ബർ വിഷയത്തിന്റെ മുഴുവൻ കാര്യങ്ങളും കൈകാര്യം ചെയ്യാനുള്ള ബാധ്യതയും അതുകൊണ്ടുതന്നെ കേരള സംസ്ഥാന ഗവൺമെന്റിനുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധിയായി റബ്ബർ ബോർഡിൽ ഉണർന്ന് പ്രവർത്തിക്കേണ്ട എ.പി.സി. ബോർഡിന്റെ ഒരു യോഗത്തിൽ പോലും പങ്കെടുക്കാറില്ല എന്നാണ് രേഖകൾ വെളിപ്പെടുത്തുന്നത്. റബ്ബർ കർഷകരുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് കാണിക്കുന്ന അനാസ്ഥയുടെ ഏറ്റവും പ്രകടമായ ഉദാഹരണങ്ങളിൽ ഒന്നാണിത്.**

റബ്ബറിന്റെ ഉപയോഗം പാരമ്പര്യേതര മേഖലകളിലേയ്ക്ക് വ്യാപിപിക്കണം. റബ്ബർ ചേർത്ത ടാറിംഗ് ഒരു പ്രധാന മേഖലയാണ്. കേരള പി. ഡബ്ല്യൂ.ഡി യുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. നമ്മുടെ സമ്പദ്ഘടനയുടെ സുപ്രധാന ഘടകം എന്ന നിലയിൽ ഗവൺമെന്റ് ആത്മാർത്ഥമായിട്ട് ശ്രമിച്ചാൽ സെൻട്രൽ പി. ഡബ്ല്യൂ.ഡിയുടെ കാര്യത്തിലും നാഷണൽ ഹൈവേ അതോറിട്ടിയുടെ കാര്യത്തിലും അനുകൂലമായ തീരുമാനമെടുപ്പിക്കുവാൻ കഴിയും.

കർഷകജനതയ്ക്ക് ആശ്രയിക്കാവുന്ന ഒരു

(ശേഷം 6-ാം പേജിൽ)

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

47

# വിദ്യാഭ്യാസം

**(കഴിഞ്ഞ ലക്കം തുടർച്ച)**

**ഉന്നതവിദ്യാനിലയങ്ങളിലെ ദൈവശാസ്ത്രവിഭാഗം**-ദൈവശാസ്ത്രവിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ നിന്ന് സഭ വളരെയേറെ പ്രതീക്ഷിക്കുന്നുണ്ട്. കാരണം, ഇവരുടെ കരങ്ങളിലാണ് സഭ സ്വസന്താനങ്ങളെ ഏല്പിക്കുന്നത്. വൈദികശുശ്രൂഷ നടത്താൻ മാത്രമല്ല, സഭയുടെ ഉയർന്ന വിദ്യാകേന്ദ്രങ്ങളിൽ പഠിപ്പിക്കാനും സ്വപ്രയത്നത്താൽ വിജ്ഞാനത്തിന്റെ മുതൽക്കൂട്ടു വർദ്ധിപ്പിക്കാനും ബുദ്ധിപരമായ പ്രേഷിതവൃത്തി എന്ന വൈഷമ്യമേറിയ ജോലി ഏറ്റെടുക്കാനുംകൂടി അവരെ തയ്യാറാക്കണം. ദൈവശാസ്ത്രത്തിന്റെ വിവിധ തലങ്ങളിൽ കൂടുതൽ അഗാധമായ പഠനം നടത്തേണ്ടതും ഈ അദ്ധ്യാപനപീഠങ്ങളുടെ കടമയാണ്. അതുവഴി വിശുദ്ധ വെളിപാടുകളെപ്പറ്റിയുള്ള ജ്ഞാനം അനുദിനം കൂടുതൽ അഗാധമായിത്തീരും. നമ്മുടെ പൂർവ്വികന്മാർ ഏല്പിച്ചുതന്നിട്ടുള്ള ക്രിസ്തീയ വിജ്ഞാനത്തിന്റെ ഭണ്ഡാഗാരം കൂടുതൽ വ്യക്തമായിത്തീരും. മാത്രമല്ല, വേർപെട്ടുനിൽക്കുന്ന സഹോദരങ്ങളും അക്രൈസ്തവരും തമ്മിലുള്ള ഡയലോഗ് അഭിവൃദ്ധിപ്പെടാനും വിജ്ഞാനപുരോഗതിക്കനുസാരം ഉയർന്നുവന്നുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പ്രതിവിധികണ്ടെത്താനും അതു സഹായകമാവുകയും ചെയ്യും.

ആകയാൽ സഭാസംബന്ധമായ ശാസ്ത്രവിഭാഗങ്ങൾ, ദൈവികശാസ്ത്രങ്ങളും ബന്ധപ്പെട്ട മറ്റുശാസ്ത്രങ്ങളും, തീക്ഷണമായി പരിപോഷിപ്പിക്കുകയും വിദ്യാർത്ഥികളെ കൂടുതൽ അഗാധമായ പഠനത്തിന് പ്രേരിപ്പിക്കാനായി ആധുനിക രീതികളും ആനുകൂല്യങ്ങളും ഉപയുക്തമാക്കുകയും വേണം. ഇതിന് പ്രസ്തുത വിഭാഗങ്ങളുടെ നിയമാവലി അവസരോചിതം നവീകരിക്കേണ്ടതാണ്.

**സംഘടിതയത്നം ആവശ്യമാണ്**-രൂപതയിലും ദേശീയാന്തർദ്ദേശീയതലങ്ങളിലും സഹകരണം അനുദിനം കൂടുതൽ ആവശ്യവും ഫലപ്രദവുമായിത്തീർന്നിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തും ഈ സഹകരണം വളരെ അത്യാവശ്യം തന്നെ. അതിനാൽ കത്തോലിക്കാവിദ്യാലയങ്ങൾ പരസ്പരം മാത്രമല്ല മറ്റുവിദ്യാലയങ്ങളോടും സഹകരിച്ചുപ്രവർത്തിക്കാൻ സർവ്വശ്രദ്ധയും ചെലുത്തണം. മനുഷ്യരാശി മുഴുവന്റേയും ക്ഷേമത്തിന് ഈ സഹകരണം ആവശ്യമാണ്.

കൂടുതൽ സമീകൃതവും സംഘടിതവുമായ രീതിയിൽ പ്രവർത്തിക്കുന്നതുകൊണ്ട് വിദ്യാസ്ഥാപനങ്ങളുടെ രംഗത്ത് പ്രത്യേകിച്ചും വർദ്ധമാനമായ ഫലമുളവാകും. അതുകൊണ്ട് എല്ലാ കലാലയങ്ങളിലും സർവ്വകലാശാലകളിലും ശാസ്ത്രവിഭാഗങ്ങൾ തമ്മിൽ ഓരോന്നിന്റെയും ലക്ഷ്യം അനുവദിക്കുന്നിടത്തോളം സഹകരിച്ചു പ്രവർത്തിക്കണം. വിവിധ സർവ്വകലാശാലകൾ തമ്മിൽ സഹകരിച്ചുപ്രവർത്തിച്ചും



**ആകയാൽ സഭാസംബന്ധമായ ശാസ്ത്രവിഭാഗങ്ങൾ, ദൈവികശാസ്ത്രങ്ങളും ബന്ധപ്പെട്ട മറ്റുശാസ്ത്രങ്ങളും, തീക്ഷണമായി പരിപോഷിപ്പിക്കുകയും വിദ്യാർത്ഥികളെ കൂടുതൽ അഗാധമായ പഠനത്തിന് പ്രേരിപ്പിക്കാനായി ആധുനിക രീതികളും ആനുകൂല്യങ്ങളും ഉപയുക്തമാക്കുകയും വേണം. ഇതിന് പ്രസ്തുത വിഭാഗങ്ങളുടെ നിയമാവലി അവസരോചിതം നവീകരിക്കേണ്ടതാണ്.**

അന്തർദ്ദേശീയസമ്മേളനങ്ങളെ യോജിച്ചു പ്രോത്സാഹിപ്പിച്ചും, ശാസ്ത്രീയ ഗവേഷണങ്ങളുടെ വിവിധ ഭാഗങ്ങളെ പരസ്പരം പങ്കിട്ടെടുത്തും, കണ്ടുപിടുത്തങ്ങളിൽ മറ്റുള്ളവരേക്കൂടി പങ്കാളികളാക്കിയും താല്ക്കാലികമായി അദ്ധ്യാപകരെ കൈമാറിയും ഐക്യം വർദ്ധിപ്പിക്കുന്ന ഇതുപോലെയുള്ള മറ്റുമാർഗ്ഗങ്ങൾ സ്വീകരിച്ചും ഈ സഹകരണം പ്രവൃത്തിപഥത്തിൽ വരുത്താവുന്നതാണ്.

## ഉപസംഹാരം

അദ്ധ്യാപകവൃത്തിയുടെ മഹത്വം മനസ്സിലാക്കി ഉദാരമനസ്സോടെ അതേറ്റെടുക്കാൻ യുവജനങ്ങൾ സന്നദ്ധരാകണമെന്ന് ഈ പരിശുദ്ധ സൂനഹദോസ് ശക്തിയുക്തം ഉദ്ബോധിപ്പിക്കുന്നു. അദ്ധ്യാപകരുടെ ദൗർലഭ്യംമൂലം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം തന്നെ വിഷമസന്ധിയിലാകുന്ന സ്ഥലങ്ങളിൽ പ്രത്യേകിച്ചും യുവജനങ്ങൾ അവരുടെ കടമ നിർവ്വഹിക്കുന്നതിൽ തല്പരരായിരിക്കണം. അനവധി വൈദികരും സന്യാസിനീസന്യാസികളും അല്മായരും സുവിശേഷചൈതന്യത്തോടുകൂടിയ സമർപ്പണത്താൽ വിവിധതരത്തിലും നിലകളിലുമുള്ള വിദ്യാഭ്യാസവും അദ്ധ്യാപകവൃത്തിയുമെന്ന മഹനീയ കൃത്യത്തിനായി സ്വയം അർപ്പിക്കുന്നുണ്ട്. ഇവരോടെല്ലാം ഈ പരിശുദ്ധ സൂനഹദോസിനുള്ള ആത്മാർത്ഥമായ കൃതജ്ഞത പ്രകടിപ്പിക്കുകയും ഏറ്റെടുത്തിരിക്കുന്ന ജോലിയിൽ മഹാമനസ്കതയോടെ നിലനിൽക്കാൻ അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ചൈതന്യത്തിനു യോജിച്ചവിധത്തിൽ അദ്ധ്യേതാക്കളെ രൂപപ്പെടുത്തുന്ന കൃത്യത്തിലും, അദ്ധ്യാപനകലയിലും വിജ്ഞാനസമ്പാദനത്തിലും അദ്വിതീയരാകാൻ അവർ പരിശ്രമിക്കണം. അങ്ങനെ അവർ സഭയുടെ ആന്തരികനവീകരണം കൈവളർത്തുകമാത്രമല്ല ആധുനികലോകത്തിൽ പ്രത്യേകിച്ച് ബുദ്ധിജീവികളുടെ ലോകത്തിൽ സഭയുടെ അനുഗ്രഹപ്രദമായ സാന്നിധ്യം നിലനിർത്തുകയും പ്രവൃദ്ധമാക്കുകയും ചെയ്യട്ടെ.

# സഭൈക്യം

## ആമുഖം

സഭൈക്യത്തിൽ ഭിന്നിപ്പുകൾ ഉണ്ടായ നാൾമുതൽ പുനരൈക്യത്തിനുള്ള പരിശ്രമങ്ങളും ഓരോ തരത്തിൽ നടക്കുന്നുണ്ടായിരുന്നു. സഭകളുടെ ഐക്യത്തെ ഉദ്ദേശിച്ചുതന്നെ. ഒന്നിലധികം സാർവ്വത്രികസുനഹദോസുകൾ നടത്തിയിട്ടുണ്ട്.

ഈ അടുത്ത കാലത്ത് പുനരൈക്യത്തിനുവേണ്ടി നടന്ന പരിശ്രമങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ഗ്രേമൂറിൽ ആരംഭിച്ച അഷ്ടദിനപ്രാർത്ഥന. ജനുവരി 18 മുതൽ 25 വരെ നടത്തപ്പെടുന്ന ഈ പ്രാർത്ഥനാപ്രസ്ഥാനം 1912-ൽ ആണ് ആരംഭിച്ചത്. ഇന്നിത് ലോകത്തെവിടെയുമുള്ള എല്ലാ ക്രൈസ്തവസമൂഹങ്ങളിലും വ്യാപിച്ചിട്ടുണ്ട്. ആധുനിക കാലത്ത് സഭൈക്യം സാധിക്കാൻവേണ്ടി സമാരംഭിച്ചിട്ടുള്ള വേറൊന്ന് സഭൈക്യപ്രസ്ഥാനമാണ്. പ്രൊട്ടസ്റ്റന്റ് കേന്ദ്രത്തിലാണ് ഇതിന്റ ആരംഭം.

സഭൈക്യപ്രസ്ഥാനത്തിന്റെ തുടക്കം എന്നാണെന്ന് കൃത്യമായി നിർണ്ണയിക്കുക പ്രയാസം. 1910-ൽ കൂടിയ മിഷനറി കോൺഫ്രൻസ് സഭൈക്യപ്രസ്ഥാനത്തിന്റെ നാന്ദിയെക്കുറിക്കുന്നതായി ചിലർ പരിഗണിക്കാറുണ്ട്.

(തുടരും)

**നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).**



*എറണാകുളം പിഒസിയിൽ ചേർന്ന ഇൻഫാം ദേശീയ ജനറൽ ബോഡി അംഗങ്ങളുടെയും കാർഷികമേഖലയിലെ വിദഗ്ദ്ധരുടെയും പ്രത്യേക ക്ഷണിതാക്കളുടെയും യോഗത്തിൽ ദേശീയ രക്ഷാധികാരി ബിഷപ് മാർ മാത്യു അറയ്ക്കൽ പ്രസംഗിക്കുന്നു. ഷെവലിയർ വി.സി. സെബാസ്റ്റ്യൻ, പി.സി.സിറിയക്, പി.സി.ജോസഫ് എക്സ് എംഎൽഎ, ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, വി.വി. അഗസ്റ്റിൻ, മുൻ കേന്ദ്രമന്ത്രി പി.സി.തോമസ്, കെ.സി. ബി.സി.ഡെപ്യൂട്ടി സെക്രട്ടറി ഫാ. വർഗീസ് വള്ളിക്കാട്ട്, ഡോ. എം.സി. ജോർജ്ജ്, കെ. മൊയ്തീൻ ഹാജി എന്നിവർ സമീപം.*

# റബർ വിലയിടിവ്: പരിഹാരം വേണം

## മാർ മാത്യു അറയ്ക്കൽ

കോട്ടയം: റബർ അടക്കമുള്ള കാർഷികവിളകളുടെ വിലയിടിവും നിത്യോപയോഗസാധനങ്ങളുടെ ക്രമാതീതമായ വിലവർദ്ധനവും മൂലം പ്രതിസന്ധിയിലായ കർഷകർ അടങ്ങുന്ന പൊതുസമൂഹം അനുഭവിക്കുന്ന ദുരിതങ്ങൾക്ക് പരിഹാരമാകണമെന്ന് ഇൻഫാം ദേശീയ രക്ഷാധികാരി ബിഷപ്പ് മാർ മാത്യു അറയ്ക്കൽ ആവശ്യപ്പെട്ടു. കാർഷികമേഖലയിൽ ഉണ്ടായ പ്രതിസന്ധിയാണ് ഇന്നത്തെ പൊതുവായ സാമ്പത്തികപ്രതിസന്ധിക്കും അടിസ്ഥാന കാരണം. സാമ്പത്തികമായി വലിയ പ്രതിസന്ധിയിലായ കർഷകസമൂഹത്തിന് സർക്കാർ മുന്നോട്ടുവച്ച പുതിയ നികുതി നിർദ്ദേശങ്ങൾ വലിയ ദുരിതമാണ് ഉണ്ടാക്കുന്നത് എന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനം പ്രത്യേകിച്ച് കർഷകർ ഇന്നു നേരിടുന്ന രൂക്ഷമായ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ അടിയന്തിരമായി എറണാകുളം പി.ഒ.സി.യിൽ ചേർന്ന ഇൻഫാം ദേശീയ ജനറൽബോഡി അംഗങ്ങളുടെയും വിദഗ്ധരുടെയും പ്രത്യേക ക്ഷണിതാക്കളുടെയും സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മലയോരമേഖലയിൽ കൃഷി അസാധ്യമാക്കുംവിധം വർദ്ധിച്ചുവരുന്ന വന്യമൃഗശല്യങ്ങളും ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ഉയർത്തുന്ന വെല്ലുവിളികളും പരിഹരിക്കപ്പെടേണ്ട അടിയന്തിരപ്രാധാന്യമുള്ള വിഷയങ്ങളാണ്.

ഗുജറാത്തിൽ അമൂൽ ഉണ്ടാക്കിയ പുരോഗതിയെക്കുറിച്ച് നാം പഠിക്കണം. നമ്മുടെ കാർഷികമേഖലയുടെ വികസനത്തിന് പുതിയ സാധ്യതകളെക്കുറിച്ച് മനസ്സിലാക്കാനും കർഷകർ തയ്യാറാവണം - അദ്ദേഹം പറഞ്ഞു. ന്യായവിലയിലും പത്തു ശതമാനമെങ്കിലും അധികവില നല്കി റബർ സംഭരിക്കാൻ സർക്കാരും റബർബോർഡും തയ്യാറാവണമെന്നും സംസ്ഥാനത്തെ നിശ്ചിതഭാഗം റോഡുകൾ റബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് ടാറിംഗ് നടത്തണമെന്നും ദേശീയപാതയുടെ ടാറിംഗിന് റബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നും യോഗം അംഗീകരിച്ച പ്രമേയത്തിലൂടെ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.

ഇൻഫാം ദേശീയ ചെയർമാൻ ഫാ. ജോസഫ് ഒറ്റപ്ലാക്കൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഫാ. ആന്റണി കൊഴുവനാൽ വിഷയാവതരണം നടത്തി.

ദേശീയ പ്രസിഡന്റ് പി.സി. സിറിയക്, ഡോ. എം.സി. ജോർജ്ജ്, വൈസ് പ്രസിഡന്റ് കെ. മൊയ്തീൻ ഹാജി, മുൻ എംഎൽഎ പി.സി. ജോസഫ് , മുൻ എംപി. പി.സി. തോമസ്, സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി ഷെവലിയർ വി.സി. സെബാസ്റ്റ്യൻ, വി.വി. അഗസ്റ്റിൻ, കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട്, ജോയി ജോൺ തെങ്ങുംകുടി, ഫാ. ജോർജ്ജ് പൊട്ടക്കൽ, ജെയിംസ് കോട്ടൂർ, ഫാ. ജോസഫ് കാവനാടി, കെ.എസ്. മാത്യു, ജോസഫ് കാരിയാങ്കൽ, പി.എസ്. മൈക്കിൾ തുടങ്ങിയവർ പ്രസംഗിച്ചു. ബേബി പെരുമാലിൽ യോഗത്തിൽ സ്വാഗതവും സ്കറിയ എൽ.ജെ. നന്ദിയും പറഞ്ഞു.

# റബർ വിലയിടിവ്-സത്യങ്ങൾ സംസാരിക്കുന്നു

(പേജ് നാല് തുടർച്ച)

പ്രധാന കാര്യമാണ് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. യുടെ തെരഞ്ഞെടുപ്പ് പത്രിക. ബി.ജെ.പി. തെരഞ്ഞെടുപ്പ് പ്രകടന പത്രികയ്ക്ക് ഗൗരവം കൊടുക്കുന്ന ഒരു പാർട്ടി എന്നാണ് മനസ്സിലാകുന്നത്. ഈ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് അവർ പുറപ്പെടുവിച്ചിട്ടുള്ള പത്രികയുടെ 27-ാം പേജിൽ അഗ്രികൾച്ചർ എന്ന ഹെഡിംഗിൽ പറയുന്നത് Agriculture - Productive, Scintific and Rewarding എന്ന തലക്കെട്ടിൽ രണ്ടാമത്തെ പോയിന്റായി പറയുന്നത്, To take steps to enhance the profitability in agriculture by ensuring a minimum of 50% profit over the cost of produnction.

ഇപ്പോൾ പല ഏജൻസികളും നടത്തിയ പഠനങ്ങളിൽ റബ്ബറിന്റെ ഉത്പാദന ചെലവ് ഒരു കിലോ ഗ്രാമിന് 160 രൂപയിൽ



കൂടുതലാണ്. ബി.ജെ.പി. യുടെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ വ്യക്തമായി പറഞ്ഞിരിക്കുന്ന വാഗ്ദാനം പാലിക്കുമ്പോൾ അതു കൊണ്ട് തന്നെ റബ്ബർ വില 240 രൂപയിലേക്ക് ഉയരും. റബ്ബർ ബോർഡും സംസ്ഥാന ഗവൺമെന്റും ജാഗ്രതയോടെ അവരുടെ ചുമതല നിർവ്വഹിച്ചാൽ റബ്ബർ വില വീണ്ടും ഉയർത്താൻ കഴിയും. **ഇപ്പോഴത്തെ ഈ അക്ഷന്തവ്യമായ അനാസ്ഥയിൽ നിന്നും റബ്ബർ ബോർഡും സംസ്ഥാന ഗവൺമെന്റും ഉണർന്ന് കേന്ദ്രഗവൺമെന്റിനെ സജീവമാക്കിയാൽ ടയർ കുത്തകക്കാരെയും റബ്ബർ ബോർഡിലെ അവരുടെ പിണയാളികളെയും നിലയ്ക്ക് നിർത്തി പന്ത്രണ്ട് ലക്ഷത്തോളം വരുന്ന ചെറുകിട റബ്ബർ കർഷകരെയും അഞ്ച് ലക്ഷത്തോളം വരുന്ന തൊഴിലാളികളെയും ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന മറ്റ് സാധാരണക്കാരെയും അനായാസം സംരക്ഷിക്കാൻ കഴിയും, കഴിയണം.**

# “സമാധാനത്തിന്റെ സന്ദേശവാഹകൻ ഫ്രാൻസീസ് പാപ്പായെ വധിക്കാനുള്ള പദ്ധതിയുമായി ഐസിസ് ഭീകരസംഘടന”



കത്തോലിക്കാ സഭയെ അഴിച്ചുപണിത് പ്രതീക്ഷയുടെ പൊൻകിരണങ്ങൾ ചാർത്തുന്ന പോപ്പ് ഫ്രാൻസീസിന്റെ ജനപ്രീതിയിൽ ആധിപൂണ്ട് ഐസിസ് ഭീകരർ രംഗത്ത്. ഇസ്ലാമിക ലോകം കെട്ടിപ്പടുക്കാൻ ഏറ്റവും വലിയ ഭീഷണി പോപ്പ് ഫ്രാൻസീസ് ആണെന്ന തിരിച്ചറിവാണ് പോപ്പിനെ വധിക്കേണ്ടത് പ്രധാന അജണ്ടയായി മാറ്റാൻ ഐസിസ് ഭീകരരെ പ്രേരിപ്പിച്ചതെന്ന് വിവിധ പാശ്ചാത്യ ഇന്റലിജൻസ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

എന്നാൽ പോപ്പിന്റെ ജീവന് യാതൊരു ഭീഷണിയുമില്ലെന്നും ബുള്ളറ്റ് പ്രൂഫ് മൊബിൽ പോപ്പ് ഉപയോഗിക്കുകയില്ലെന്നും വത്തിക്കാൻ വ്യക്തമാക്കി. മേൽഭാഗം തുറന്ന കാറിലാകും പോപ്പ് വിശ്വാസികൾക്കിടയിലൂടെ സഞ്ചരിക്കുകയെന്ന് വത്തിക്കാൻ വ്യക്തമാക്കി. മുസ്ലീം രാജ്യങ്ങളിൽ മാത്രമല്ല ലോകത്തെവിടെയും പോപ്പിന്റെ ജീവന് ഭീഷണിയുണ്ടെന്ന് ലാനാസിയോൺ പത്രത്തിന് നൽകിയ അഭിമുഖത്തിൽ അംബാസഡർ വ്യക്തമാക്കി. പോപ്പിന് ഭീഷണിയുണ്ടെന്നത് സുവ്യക്തമായ കാര്യമാണ്. ഐസിസ് ഭീകരർ നടത്തുന്ന പ്രസ്താവനകളും ക്രൈസ്തവർക്കെതിരെ നടത്തുന്ന ആക്രമണങ്ങളും അതു സൂചിപ്പിക്കുന്നുണ്ട്. ഭീകരത ലോകത്തെങ്ങും വ്യാപിച്ചിരിക്കുന്നതിനാൽ റോമിൽപ്പോലും അദ്ദേഹം സുരക്ഷിതനല്ലെന്ന് അൽ സാദർ പറയുന്നു. എന്നാൽ വ്യക്തമായ ആക്രമണപദ്ധതികളെക്കുറിച്ച് തനിക്ക് അറിവില്ലെന്ന് അൽസാദർ പറഞ്ഞു. എന്നാൽ ഇസ്ലാമിക് സ്റ്റേറ്റ് ഭീകരരുടെ ലക്ഷ്യം പോപ്പിനെ വധിക്കുകയെന്നതുതന്നെയാണ്. കാനഡക്കാരും അമേരിക്കക്കാരും ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരുമൊക്കെ ഐസിസ് ഭീകരർക്കിടയിലുണ്ട്. അതുകൊണ്ടുതന്നെ അവർക്ക് അക്രമണം എവിടെയും സംഘടിപ്പിക്കാൻ സാധിക്കും. ഭീഷണിപ്പെടുത്തുകയല്ല അത് നടപ്പിലാക്കുന്നവരാണ് ഐസിസ് ഭീകരരെന്നും അംബാസഡർ പറയുന്നു. യസീദികളുടെ അനുഭവം അതാണ് തെളിയിക്കുന്നത്. യസീദികളുടെയും ക്രൈസ്തവരുടെയും ആരാധനാലയങ്ങൾ അവർ തകർത്തു. മൊസൂളിൽ നിന്ന് ആയിരക്കണക്കിന് ക്രിസ്ത്യാനികളെ തുരത്തി. മതം മാറ്റുക അല്ലെങ്കിൽ മരിക്കാൻ തയ്യാറാവുകയെന്ന നയമാണ് ഭീകരർ മുന്നോട്ടുവയ്ക്കുന്നത്. വംശഹത്യയാണ് അവർ നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

എന്നാൽ പശ്ചിമേഷ്യയിലെയും ലോകത്തിന്റെ മറ്റുഭാഗങ്ങളിലെയും ക്രൈസ്തവരെ ഉയർത്തിക്കൊണ്ടുവരുവാൻ മാത്രമല്ല, വിവിധ മതങ്ങൾക്കിടയിൽ സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും പാലം പണിയുന്നതിനും മാർപാപ്പയുടെ സന്ദർശനം സഹായിക്കുമെന്ന് അൽ സാദർ പ്രത്യാശിച്ചു. ലോകത്താദ്യം ക്രിസ്തുമതവിശ്വാസികളുണ്ടായ നാടുകളിലൊന്നാണ് ഇറാഖ്. 2003ൽ അമേരിക്കയുടെയും സഖ്യകക്ഷികളുടെയും അധിനിവേശത്തിനു ശേഷം പത്തുലക്ഷത്തോളം ക്രൈസ്തവരാണ് ഇറാഖിൽ നിന്ന് നാടുവിടേണ്ടിവന്നത്. ഐസിസ് ഭീകരരുടെ ആക്രമണം തുടങ്ങിയതോടെ, വീണ്ടും പലായനത്തിന്റെ തോതുകൂടി.

(കടപ്പാട്

# വയോജന സംഗമത്തിന് പോപ്പ് എമരിറ്റസും



വത്തിക്കാൻസിറ്റി: വത്തിക്കാനിൽ മുത്തശ്ശന്മാരെയും മുത്തശ്ശിമാരെയും ആദരിക്കുന്നതിനു സംഘടിപ്പിച്ച ചടങ്ങിൽ എമരിറ്റസ് പാപ്പാ ബനഡിക്ട് പതിനാറാമന്റെ സാന്നിധ്യം ഏറെ ശ്രദ്ധേയമായി. 87വയസുള്ള ബനഡിക്ട് പതിനാറാമനെ 77കാരനായ ഫ്രാൻസിസ് മാർപാപ്പ ആശ്ലേഷിച്ചു.

വിജ്ഞാനിയും വിവേകിയുമായ പിതാമഹന്റെ സാന്നിധ്യം ഒരു ഭവനത്തിന് എങ്ങനെയാണോ, അതുപോലെയാണ് വത്തിക്കാനിൽ എമരിറ്റസ് പാപ്പയുടെ സാന്നിധ്യമെന്നു ഫ്രാൻസിസ് മാർപാപ്പ അനുസ്മരിച്ചപ്പോൾ തീർഥാടകരായി എത്തിയ വിശ്വാസികൾ ഹർഷാരവം മുഴക്കി. മുത്തശ്ശന്മാരും മുത്തശ്ശിമാരും കൊച്ചുമക്കളും ഉൾപ്പെടെ അരലക്ഷത്തോളം തീർഥാടകരാണ് വത്തിക്കാനിലെത്തിയത്. കുടുംബങ്ങൾക്കായുള്ള പൊന്തിഫിക്കൽ കൗൺസിലാണു പരിപാടി സംഘടിപ്പിച്ചത്.

## (ഫാമിലി കോർണർ) തുടർച്ച

ക അനുസ്മരണങ്ങളുടെ കൊട്ടിഘോഷിക്കലും മുറയ്ക്ക് നടക്കുന്നു. കേരളത്തനിമയുടെ സാംസ്കാരിക ഘോഷയാത്രകളും ഉത്സവങ്ങളും ഇൻഡ്യയിലും വിദേശത്തും പൊടിപൊടിച്ചുനടക്കുമ്പോൾ യഥാർത്ഥ കേരള ഭാരത തനിമകൾ മഹാബലിയെപ്പോലെ വർഷത്തിലൊരിക്കൽ മാത്രം ഉയിർത്തെഴുന്നേൽക്കുന്ന ഉപരിപ്ലവപ്രതിഭാസങ്ങളായിപ്പോയില്ലേ എന്ന്തോന്നിപ്പോകുന്നു.

ആദ്യം വിവരിച്ച സംഭവത്തിൽ ട്രയാംഗുലേഷൻ എന്ന പ്രതിഭാസം വ്യക്തമായിക്കാണാം. രണ്ടുതലമുറകളിലുള്ള രണ്ടു വ്യക്തികൾ ചേർന്ന് മൂന്നാമതൊരാളെ അക്രമിക്കുകയാണിവിടെ ചെയ്യുക. അക്രമിക്കുന്ന രണ്ടു വ്യക്തികൾക്കും അവരുടെ വികലമായ ലക്ഷ്യങ്ങൾ ഇതുവഴി സാധിച്ചുകിട്ടുന്നു. മകൾക്ക് അവളുടെ മോശമായ വഴികൾ നിർബാധം തുടരാൻ അപ്പന്റെ ഇടപെടൽ വിദഗ്ദ്ധമായി തടയുവാൻ അമ്മയുടെ സഹായം തേടുന്നു. അമ്മയ്ക്ക് താൻ സ്നേഹിക്കപ്പെടുന്നില്ല എന്ന തോന്നൽ ശക്തമാണ്. പിതാവ് സ്നേഹമുള്ള ആളാണെങ്കിലും അത് ഒട്ടും പ്രകടിപ്പിക്കുന്ന ആളല്ല. വീട്ടിലെ കാര്യങ്ങളെല്ലാം ഭംഗിയായി നടത്തും. മദ്യപാനമോ പുകവലിയോ മറ്റ് ദുഃസ്വഭാവങ്ങളോ ഇല്ല. ഭാര്യയ്ക്കും മകൾക്കും അസുഖം വന്നാൽ കൃത്യമായി മരുന്ന് വാങ്ങി കൊടുക്കും. എന്നാൽ ഭാര്യ ആഗ്രഹിക്കുന്നത് രോഗം എങ്ങനെയുണ്ട്; നിന്റെ മുഖം എന്താ വാടിയിരിക്കുന്നത്; നീ ജോലി ചെയ്തു മടുത്തോ; ഇന്ന് നീ ഉണ്ടാക്കിയ കറി നന്നായിരിക്കുന്നു എന്നു തുടങ്ങിയ ചോദ്യങ്ങളും അഭിപ്രായപ്രകടനങ്ങളുമൊക്കെയാണ്. അത് ഒരിക്കലും ഭർത്താവിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാറില്ല. ഭർത്താവിനോടു ചോദിച്ചപ്പോൾ, എന്റെയപ്പൻ എന്നെപ്പോലെ തന്നെയായിരുന്നു, അതു കണ്ടാണ് ഞാൻ വളർന്നത്. അമ്മയോ ഞങ്ങളിൽ ആരുമോ ഒരു പരാതിയും പറഞ്ഞിട്ടില്ല എന്നാണ് മറുപടി പറഞ്ഞത്. ഭാര്യയെ സംബന്ധിച്ചിടത്തോളം കുടുംബത്തിൽ ഒരുപാട് അവഗണനകൾ സഹിച്ച് സ്നേഹത്തിനായി ദാഹിച്ചാണ് വിവാഹത്തിലേയ്ക്കു പ്രവേശിച്ചത്. ഭർത്താവിനെ ആകർഷിക്കാനും സ്നേഹം പിടിച്ചുപറ്റാനും ചെയ്തതൊക്കെ എതിർഫലമാണുളവാക്കിയത് എന്നു കണ്ട് അവൾക്ക് കോപം ജനിച്ചു. അതിന്റെ പ്രത്യാഘാതമായി പലതും കാട്ടിക്കൂട്ടി. ശിഥിലമായ ഈ ബന്ധത്തിൽ മക്കൾ കിടന്നു പിടഞ്ഞു. മാനസികമായി തളർന്ന മകൾ സ്നേഹം കിട്ടാൻ തിരഞ്ഞെടുത്ത വഴികൾ അതിലും മോശമായിരുന്നു എന്നു മാത്രം. അപ്പനെ ഒരു പാഠം പഠിപ്പിക്കാനാണ് ഒളിച്ചോടുന്നത് എന്നുകൂടി അവൾ പറഞ്ഞു. നല്ല ബന്ധങ്ങൾ വഴി നല്ല മാതൃക കാട്ടുകയാണ് നല്ല കുഞ്ഞുങ്ങളെ സൃഷ്ടിക്കാനുള്ള ഏകമാർഗ്ഗം എന്ന് അറിഞ്ഞിരിക്കുക. അതിൽ സ്വന്തം കുറവുകളെ തിരിച്ചറിഞ്ഞ് തിരുത്തി ജീവിതം ദൃഢമാക്കുക.



ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ, സിഎംഐ

# പ്രാർത്ഥനാധിഷ്ഠിത ജീവിതം




ക്രിസ്തുകേന്ദ്രീകൃതജീവിതശൈലി എന്നു പറയുന്നത് അതിൽതന്നെ പ്രാർത്ഥനാധിഷ്ഠിത ജീവിതശൈലിയാണ്. പക്ഷേ, ഇക്കാര്യത്തിലാണ് പലപ്പോഴും നമുക്കു വലിയ പോരായ്മ ഉണ്ടാകുന്നത്. യേശുവിന്റെ ലളിതജീവിതമാതൃക അനുകരിച്ച് അവിടുത്തെപ്പോലെ സുവിശേഷപ്രഘോഷണത്തിനായി വീടും നാടും ഉപേക്ഷിച്ച നമ്മിലേറെപ്പേരും അറിയാതെയാണെങ്കിലും അഡ്മിനിസ്ട്രേറ്റർമാരും മാനേജർമാരും കാര്യസ്ഥന്മാരുമൊക്കെയായി മാറിയിരിക്കുകയാണ്. എന്നുമാത്രമല്ല, ഏറെ ഉത്തരവാദിത്തങ്ങളുള്ള നമ്മുടെ വിവിധ ജോലികളുടെ തിരക്കുമൂലം പ്രാർത്ഥനയ്ക്കും വചനപ്രഘോഷണത്തിനും നമുക്കു സമയമില്ലാതെ പോകുന്നു. അതായത്, അപ്പസ്തോലന്മാർക്കു ആദ്യം സംഭവിച്ചതുപോലെ, നമ്മുടെ വിലപ്പെട്ട പ്രേഷിതജീവിതവും ഭക്ഷണമേശയിലെ ശുശ്രൂഷയ്ക്കു തുല്യമായ സേവനവേദികളിൽ ഒതുങ്ങിപ്പോകുന്നു എന്നു സാരം. ഈ പശ്ചാത്തലത്തിൽ നമുക്കിന്നു ഏറ്റവും ആവശ്യമായിരിക്കുന്നതു പ്രാർത്ഥനയിലേക്കും വചനശുശ്രൂഷയിലേക്കുമുള്ള മടങ്ങിപ്പോകലാണ്. പക്ഷേ, അതുകൊണ്ടു നമ്മുടെ വിവിധ സേവനവേദികൾ നാം ഉപേക്ഷിക്കണമെന്നിവിടെ വിവക്ഷയില്ല. പ്രാർത്ഥനയും വചനപ്രഘോഷണവുമൊക്കെ ഈ സേവനവേദികളുടെ അവിഭാജ്യഘടകമായി മാറണമെന്നു മാത്രം. അങ്ങനെയല്ലാതെയുള്ള സേവനമാണു നമ്മുടേതെങ്കിൽ നാം വെറുതെ ജീവിതം പാഴാക്കുകയാണെന്നതാണു വസ്തുത. പക്ഷേ, അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ നാം വചനശുശ്രൂഷയിലും പ്രാർത്ഥനയിലും ഉപേക്ഷ കാണിച്ചുകൂടാ. എന്നു മാത്രമല്ല, പ്രാർത്ഥനയെ നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യഘടകമാക്കി നാം മാറ്റണം.

യേശു നമ്മെ വിളിച്ചിരിക്കുന്നത് അവിടുത്തോടൊപ്പമായിരിക്കുവാനും (മർക്കോസ് 3: 18) അവിടുത്തെ വചനമനുസരിച്ചു ജീവിക്കുവാനും (യോഹ. 14:23) എല്ലാം ഉപേക്ഷിച്ചു (ലൂക്കാ 14:33) നമ്മുടെ കുരിശെടുത്തുകൊണ്ട് അവിടുത്തെ അനുഗമിക്കുവാനുമാണ് (ലൂക്കാ 9:23). **യേശു എന്നും സ്വർഗീയപിതാവുമായി ഗാഢമായ ആത്മബന്ധം പുലർത്തിക്കൊണ്ട് അവിടുത്തോടൊപ്പമായിരുന്നു ഈ ഭൂമിയിൽ സമയം ചെലവഴിച്ചത്. യേശുവിനു ഇതു സാധിച്ചതു പ്രാർത്ഥനയിലടിയുറച്ച അവിടുത്തെ ജീവിതം വഴിയായിരുന്നു. യേശുവിനോടൊപ്പമായിരിക്കുവാൻ വിളിക്കപ്പെട്ട നമ്മൾ അവിടുത്തോടൊപ്പമായിരിക്കുവാനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗം യേശു കാണിച്ചുതന്ന മാതൃകയായ പ്രാർത്ഥനയാണ്.** പ്രാർത്ഥനയിലൂടെ സാധിതമാകുന്ന ഹൃദയസംഭാഷണത്തിലുടെയും ആത്മസമർപ്പണത്തിലുടെയും മാത്രമേ നമുക്കു അവിടുത്തോടൊപ്പം ആയിരിക്കുവാൻ സാധിക്കൂ. പ്രാർത്ഥനയിലൂടെ അവിടുത്തോടൊപ്പം ആയിരുന്നാൽമാത്രമേ അവിടുന്നിൽ നിന്ന് ആശ്വാസം നേടാനും നവജീവൻ പ്രാപിക്കുവാനും അവിടുന്നാഗ്രഹിക്കുന്ന തുപോലെ ജീവിക്കുവാനും നമുക്കു സാധിക്കൂ. യേശുവിനോടൊപ്പമായിരിക്കുവാൻ പ്രാർത്ഥന നമുക്കു കൂടിയേ തീരൂ. എന്നാൽ, പ്രാർത്ഥനയുടെ ആവശ്യവും ലക്ഷ്യവും അതു മാത്രമല്ല.

## പ്രാർത്ഥനയുടെ ആവശ്യവും ലക്ഷ്യവും

യേശു പഠിപ്പിക്കുന്നതനുസരിച്ച് സ്വർഗസ്ഥനായ പിതാവിനെ അനുദിനം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുക നമ്മുടെ കടമയാണ് (മത്തായി 6:9–14; ലൂക്കാ 11:2–4). യേശു തന്നെയും പിതാവിനെ സ്തുതിക്കുന്നതായി നാം സുവിശേഷങ്ങളിൽ വായിക്കുന്നുണ്ട് (മത്തായി 11:25). ഉണ്ണിയേശുവിനെ ജറുസലം ദേവാലയത്തിൽ വച്ച് കാണുവാൻ ഭാഗ്യം ലഭിച്ച പ്രവാചിക അന്ന ദേവാലയം വിട്ടുപോകാതെ രാപകൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഉപവാസത്തിലും പ്രാർത്ഥനയിലും കഴിഞ്ഞ വ്യക്തിയായിരുന്നു (ലൂക്കാ 2:37–38). “കർത്താവിനെ ഞാൻ എന്നും പുകഴ്ത്തും, അവിടുത്തെ സ്തുതികൾ എപ്പോഴും എന്റെ അധരങ്ങളിലുണ്ടായിരിക്കും” (സങ്കീ. 34:1) എന്ന് ഉദ്ഘോഷിച്ച ദാവീദ് രചിച്ച സങ്കീർത്തനങ്ങൾ മുഴുവൻ നിറഞ്ഞുനിൽക്കുന്നതു കർത്താവിനുള്ള സ്തുതിയും പുകഴ്ചയുമാണ്.



നമ്മുടെ സ്രഷ്ടാവായ ദൈവത്തിനു സ്തുതിയും പുകഴ്ചയും അർപ്പിക്കുന്നതു നാം അവിടുത്തെ ആരാധിക്കുന്നതിന്റെ ഭാഗമായിട്ടാണ്. **നിങ്ങളുടെ ദൈവമായ കർത്താവിനെ നിങ്ങൾ ആരാധിക്കണം” (പുറപ്പാട് 23:24) എന്നു വ്യക്തമായ കല്പന ദൈവം തന്നിട്ടുണ്ട്. പ്രലോഭകനായ സാത്താൻ തന്നെ കുമ്പിട്ടാരാധിക്കുവാൻ യേശുവിനോടാവശ്യപ്പെട്ടപ്പോൾ “നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം; അവിടുത്തെ മാത്രമെ പൂജിക്കാവൂ എന്നെഴുതപ്പെട്ടിരിക്കുന്നു” (മത്തായി 4:10) എന്നാണ് ദൈവവചനം (നിയമാവർത്തനം 6:13–14) ഉദ്ധരിച്ചുകൊണ്ട് യേശു അരുളിച്ചെയ്തത്.**

“ഭൂമിയിലുള്ളവരോടും സകലജനതകളോടും വിളംബരം ചെയ്യുവാനുള്ള ഒരു സനാതന സുവിശേഷത്തെ”ക്കുറിച്ച് വെളിപാടിന്റെ പുസ്തകത്തിൽ പറയുന്നുണ്ട് (14:6). എന്താണെന്നോ ആ സുവിശേഷം? അത് ഇതാണ്: “ദൈവത്തെ ഭയപ്പെടുകയും അവിടുത്തേക്കു മഹത്വം നൽകുകയും ചെയ്യുവിൻ... ആകാശത്തെയും ഭൂമിയേയും സമുദ്രത്തെയും നീരുറവകളെയും സൃഷ്ടിച്ചവനെ ആരാധിക്കുവിൻ” (വെളിപാട് 14:7).

നാം പ്രാർത്ഥിക്കേണ്ടത് പ്രധാനമായും നമ്മുടെ സ്രഷ്ടാവും രക്ഷകനുമായ ദൈവത്തെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്തുകൊണ്ട് അവിടുത്തെ ആരാധിക്കുവാനാണ്. അതുപോലെതന്നെ പ്രധാനപ്പെട്ടതാണ് പ്രാർത്ഥനയിലൂടെ അവിടത്തോടു നന്ദിപറയുക എന്നത്. “കർത്താവിനു നന്ദി പറയുവിൻ” (ദിനവൃത്താന്തം 16:8), “കർത്താവിനു കൃതജ്ഞതയർപ്പിക്കുവിൻ”(ദിനവൃത്താന്തം 16:34), “കൃതജ്ഞതാസ്തോത്രത്തോടെ അവിടുത്തെ സന്നിധിയിൽ നമുക്കു കടന്നുചെല്ലാം” (സങ്കീ. 95:2) എന്നിങ്ങനെ ദൈവത്തിനു നന്ദിപറയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ദൈവവചനം നിരന്തരം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്.

(തുടരും)



മലയാള ടെലിവിഷൻ ചരിത്രത്തിലാദ്യമായി
കാനാൻദേശം
THE BIBLE REALITY SHOW
ഗുഡ്നസ് ടിവിയിൽ
ബൈബിൾ അടിസ്ഥാനമാക്കിയുള്ള റിയാലിറ്റി ഷോ കാനാൻദേശം
10 വയസ്സു മുതൽ 45 വയസ്സുവരെ പ്രായമുള്ളവർക്ക് ലോകത്തിന്റെ ഏതു കോണിൽ നിന്നും
പരിപാടിയിൽ പങ്കെടുക്കാം.
Contact: Phone : 8606420011,canandesham@gmail.com
" അറിവാണ് സമൃദ്ധി ബൈബിളാണ് അറിവ് "
www.goodnesstv.tv
GOODNESS
ഞായർ രാത്രി 7:30
പുനഃപ്രക്ഷേപണം
തിങ്കൾ 7: 30 am
ബുധൻ 2.00 pm
വെള്ളി 4:00 pm

## അമ്മയെ പൊട്ടിയാക്കുന്ന മകൾ; വർഷം തോറും ഭാര്യയെ മാറുന്ന മകൻ; ശിഥില ബന്ധങ്ങളിൽ പിടയുന്ന മക്കൾ...

# "തകരുന്നല്ലോ ദൈവമേ നമ്മുടെ കുടുംബങ്ങൾ"



പന്ത്രണ്ടാം ക്ലാസുകാരിയായ ഗ്രീഷ്മയ്ക്ക് 19 വയസുണ്ട്. അവൾ ഒന്നുരണ്ടു ക്ലാസുകളിൽ തോറ്റിരുന്നു. പത്താംക്ലാസിൽ പഠിക്കുമ്പോൾ ഒരു ചെറുപ്പക്കാരനുമായി അടുപ്പത്തിലാവുകയും അയാളോടൊപ്പം പകൽ സമയങ്ങളിൽ കറങ്ങുകയും ചെയ്തിരുന്നു. ഇത് ചിലപ്പോഴൊക്കെ പിടിക്കപ്പെടുകയും ചെയ്തിരുന്നു. വളരെ സമർത്ഥമായി നുണകൾ മെനഞ്ഞ് അവൾ രക്ഷപെടാൻ ശ്രമിച്ചിരുന്നു. അപ്പൻ

**Dr. P.M. Chacko Palakunnel**
Principal, Nirmal Jyothi Institute-
of Counseling and Psychotherapy
familycornerlaityvoice@gmail.com

കാര്യങ്ങൾ കൃത്യമായി അറിഞ്ഞുവന്ന് ചോദ്യം ചെയ്യുമ്പോൾ അവൾ അമ്മയെ അതിനുമുമ്പേ കയ്യിലെടുത്തിരുന്നത് കൊണ്ട് അമ്മ ഇടയ്ക്കുകയറി അപ്പനുമായി വാഗ്വാദത്തിലേർപ്പെട്ട് മകളെ സംരക്ഷിച്ചുകൊണ്ടിരുന്നു. ഗ്രീഷ്മയുടെ അമ്മ ഭർത്താവിന്റെ അമ്മയുമായും സഹോദരിമാരുമായും നല്ല പിണക്കത്തിലായിരുന്നതിനാൽ ഭർത്താവ് എന്തുപറഞ്ഞാലും സഹോദരിമാരും അമ്മയും ചേർന്ന് സൃഷ്ടിച്ചെടുത്ത് ഭർത്താവിനെ വിശ്വസിപ്പിച്ച നുണകളാണ് അവയൊക്കെ എന്നുപറഞ്ഞ് അയാളുടെ വാദങ്ങളെ നിർവീര്യമാക്കിയിരുന്നു. ഇത് മകൾക്ക് വലിയ സഹായമായി പരിണമിച്ചു. അവൾ എന്തുതെറ്റുകൾ ചെയ്താലും സമർത്ഥമായി അമ്മയെ തെറ്റിദ്ധരിപ്പിച്ച് പിതാവിനെ നിർവീര്യനാക്കിക്കൊണ്ടിരുന്നു. പലപ്രാവശ്യം ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപെട്ട സ്കൂൾ അധികൃതർ അവളെ നേരെയാക്കുവാൻ പലരീതിയിൽ ഇടപെട്ടുനോക്കി. സ്നേഹവും ശാസനയും പ്രത്യേക പരിഗണനയും സ്പെഷ്യൽ ട്യൂഷനുമൊക്കെ സ്കൂൾ അധികൃതർ നൽകി. അവസാന പരീക്ഷണമെന്ന നിലയിൽ ഹോസ്റ്റലിലും നിർത്തി. അവിടെനിന്നുകൊണ്ടും അവൾ പഴയപരിപാടികൾ തുടർന്നപ്പോൾ, അവൾ ഹോസ്റ്റലിൽ നിന്നെങ്ങാനും ഒളിച്ചോടിപ്പോയെങ്കിൽ പുലിവാലാകുമെന്ന് കരുതി അവളെ ഹോസ്റ്റലിൽ നിന്നും പറഞ്ഞയച്ചു. എല്ലാവരുടെയും ഉപദേശപ്രകാരം വീടിന് കുറച്ചുകൂടി അടുത്തുള്ള ഒരു സ്കൂളിലേയ്ക്കാക്കി. അവിടെയായിരുന്നപ്പോഴും അവൾ അമ്മയുടെ മൊബൈൽ രാത്രിയിൽ എല്ലാവരും ഉറങ്ങിക്കഴിയുമ്പോൾ കരസ്ഥമാക്കി പല ചെറുപ്പക്കാരുമായി ബന്ധപ്പെടുന്നതായി പിതാവ് ഒരിക്കൽ കണ്ടുപിടിച്ചു. അപ്പോഴും അമ്മ അവൾ മൊബൈൽ എടുത്തിട്ടില്ലായെന്നു പറഞ്ഞ് തട്ടിക്കയറി അവളെ രക്ഷപെടുത്തി.

മിലിട്ടറിയിൽ നിന്ന് റിട്ടയർ ചെയ്ത് സെക്യൂരിറ്റി ജീവനക്കാരനായി ജോലിചെയ്യുന്ന പിതാവ് പലപ്പോഴും രാത്രികാലങ്ങളിൽ ഡ്യൂട്ടിയിലായിരിക്കും. അപ്പോഴൊക്കെ അവൾ അമ്മയുടെ ഫോൺ ഉപയോഗിക്കുകയും അമ്മ അവൾക്ക് സംരക്ഷണം നൽകുകയും ചെയ്തുപോന്നു.

ഭർത്താവിന്റെ സഹോദരിമാരൊക്കെ കൊള്ളരുതാത്തവരാണെന്ന് അമ്മ മകളെ പറഞ്ഞുധരിപ്പിച്ചിരുന്നു. ഭർത്താവിനെ അപമാനിക്കുവാനുള്ള ഒരു തന്ത്രമായി അവൾ നുണപറഞ്ഞ് മകളെ ധരിപ്പിക്കുകയാണിവിടെ ചെയ്തതെങ്കിലും മകൾ അത് നേരാണെന്ന് വിശ്വസിച്ചു. അപ്പൻ അവളെ ശാസിക്കുമ്പോൾ അപ്പന്റെ വീട്ടുകാരേപ്പോലെയാണ് ഞാനെന്ന് കരുതരുത് എന്ന് പറഞ്ഞ് അവൾ അപ്പനെ ശാസിക്കും. അപ്പന്റെ സഹോദരഭാര്യ മറ്റുമതത്തിൽപ്പെട്ട ആളാണ്. അതുകൊണ്ട് കെട്ടുന്ന ആൾ ഏതു ജാതിയായാലെന്താ നല്ല ആളായാൽ പോരേ എന്നുകൂടി ചോദിച്ച് അവൾ എപ്പോഴും വിജയിച്ചുകൊണ്ടിരിക്കും. സ്വന്തം ജാതിയിൽ നിന്ന് കല്യാണം കഴിച്ചിട്ട് അപ്പനും അമ്മയ്ക്കും എന്തു ഗുണമാണ് കിട്ടിയത്. എപ്പോഴും വഴക്കടിക്കുന്ന നിങ്ങളേക്കാൾ ഭേദമായിരിക്കും അന്യജാതിക്കാരൻ എന്നുകൂടി അവൾ പറഞ്ഞു. ഒരു ദിവസം ക്ലാസിലേയ്ക്കെന്ന് പറഞ്ഞ് പോയ അവൾ മറ്റു ജാതിക്കാരനും തൊഴിലാളിയുമായ ഒരു പയ്യന്റെകൂടെ ഒളിച്ചോടിപ്പോയി.

ഇന്ന് ഇഷ്ടപ്പെട്ട പുരുഷനെ വിവാഹം കഴിക്കുന്നത് തെറ്റല്ല എന്ന മനോഭാവം പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. "ഇഷ്ടപ്പെട്ട്" നടത്തുന്ന ഈ വിവാഹങ്ങളുടെ ആയുസ് എത്രയാണെന്ന് തിട്ടപ്പെടുത്താൻ ആരും മിനക്കെടാറില്ല. എന്റെയടുത്തുള്ള ഒരു പ്രശസ്തനായ വ്യക്തി ഒരു വിദേശവനിതയെ വിവാഹം കഴിച്ചു. ഇടയ്ക്കിടെ നാട്ടിൽ വന്നുപോകുന്ന അയാളുടെ ഭാര്യയെ ജനം വിദേശവനിതയായി മാത്രം കണ്ടു. എന്നാൽ നാലാമത്തെ പ്രാവശ്യം വന്നപ്പോൾ കൂടെവന്ന ഭാര്യ ആദ്യത്തെ വിദേശവനിതയല്ലായിരുന്നുവെന്ന് അടുത്തുള്ളവർ മാത്രമറിഞ്ഞു.

ഈ അടുത്ത ദിവസം എന്റെ ഒരു സ്നേഹിതൻ വിദേശത്തായിരിക്കുന്ന ആൺമക്കളെ സന്ദർശിക്കാൻ പോയിരുന്നു. എന്തുണ്ട് വിശേഷമെന്നു ചോദിച്ചപ്പോൾ മക്കളുടെ ഗേൾഫ്രണ്ട്സിനെ കണ്ടുവെന്നും ഒരാളുടെ വധു ഇന്ത്യക്കാരിയായ അന്യമതക്കാരിയായ അന്യസംസ്ഥാനക്കാരിയും മറ്റേയാളുടേത് വെള്ളക്കാരിയുമാണ് എന്നു പറഞ്ഞു. എവിടെവച്ചാണ് വിവാഹം എന്നു ചോദിച്ചപ്പോൾ വിവാഹം ഉണ്ടെങ്കിൽ അത് കേരളത്തിൽ ഈ സ്ഥലത്തുവച്ചായിരിക്കുമെന്നും പറഞ്ഞ് അദ്ദേഹം പുഞ്ചിരിച്ചു. കഷ്ടപ്പാടുകൾ മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ പുരോഗമന ആശയം എന്ന് പലരും ഈ പ്രതിഭാസത്തെ വിശേഷിപ്പിക്കും. ശിഥിലമായ കുടുംബബന്ധങ്ങളുടെ പാശ്ചാത്യമാതൃകകൾ നമുക്ക് നന്നായറിയാമായിരുന്നിട്ടും ഈ വികല പുരോഗമനത്തെ നാം എന്തിനാശ്ലേഷിക്കുന്നു.

എനിക്ക് അറിയാവുന്ന ഒരു വ്യക്തിയുടെ അമേരിക്കയിലുള്ള മകളുടെ മകൾ അമേരിക്കക്കാരനെ വിവാഹം കഴിക്കുവാൻ പോകുന്നുവെന്ന് ഞാൻ അറിഞ്ഞു. ഒരു വർഷം മുമ്പേ കേരളത്തിൽ വച്ചുള്ള മനസമ്മതം തീരുമാനിച്ചതായി അദ്ദേഹം പറഞ്ഞു. ആർഭാടമായി മനസ്സമ്മതം നടന്നു. നൂറോളം സായിപ്പന്മാർ മനസമ്മതത്തിൽ പങ്കെടുക്കുവാൻ എത്തിയിരുന്നു. മനസമ്മതശേഷം പ്രതിശ്രുതവധുവും വരനും (വിവാഹശേഷമല്ല) ഒരു പഞ്ചനക്ഷത്രഹോട്ടലിൽ രണ്ടുദിവസം കഴിഞ്ഞശേഷം അവിടെനിന്ന് ഇൻഡ്യയിലെ ചില വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കും പോയി. ഒന്നു രണ്ടാഴ്ച ഇന്ത്യയിൽ ചിലവഴിച്ചിട്ട് തിരിച്ചുപോയി. ആറുമാസം കഴിഞ്ഞ് ആ വിവാഹം നടന്നില്ല എന്നും ഇപ്പോൾ വേറൊരു പ്രേമബന്ധത്തിലാണെന്നും അറിഞ്ഞു. ലോകമലയാളി സമ്മേളനങ്ങളും സാംസ്കാരിക പൈതൃ

(ശേഷം 7-ാം പേജിൽ)

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).

# അല്മായ മുന്നേറ്റം: പ്രാധാന്യവും സാധ്യതാമേഖലകളും

ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ
അല്മായ കമ്മീഷൻ സെക്രട്ടറി

### 3) അല്മായ ഉണർവ്വിന്റെ വസന്തകാലം

രണ്ടാം വത്തിക്കാൻ കൗൺസിൽ തുടക്കം വച്ച നവചൈതന്യം സഭയിലൂടനീളെ പ്രകടമായി. സഭയിലെ അല്മായ ഉണർവിനെക്കുറിച്ചുള്ള ചർച്ചയിൽ അടുത്തകാലത്തായി സഭാശ്രദ്ധ പിടിച്ചുപറ്റുന്ന എക്ലേസിയൽ മുന്നേറ്റങ്ങളും നവസ്നേഹസമൂഹങ്ങളും നമ്മുടെ പ്രത്യേക താല്പര്യത്തിന് വിഷയീഭവിക്കുന്നു.

ലോകത്തിൽ ജീവിച്ച് ഭൗതികതലം കൈകാര്യം ചെയ്തുകൊണ്ട് വിവിധ സാമൂഹിക സാംസ്കാരിക ബൗദ്ധിക മേഖലകളിൽ പ്രവർത്തിക്കുന്ന അല്മായർക്ക് സമൂഹത്തിൽ പുളിമാവുപോലെ പ്രവർത്തിച്ച് യേശുവിന്റെ സുവിശേഷപ്രഘോഷകരായി ദൈവരാജ്യ സംസ്ഥാപനത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള അനന്യമായ ദൗത്യമുണ്ട്. ഈ ദൗത്യത്തിന്റെ പ്രത്യേകതകളെക്കുറിച്ച് കൗൺസിൽ പഠനങ്ങൾ ഇപ്രകാരം പറയുന്നുണ്ട്:

1) ഭൗതികസ്വഭാവം അല്മായരുടെ ജീവിതത്തിന്റെ പ്രത്യേകതയാണ്.

2) ഭൗതികതലത്തിൽ വ്യവഹരിച്ചുകൊണ്ടും ദൈവത്തിന്റെ തിരുവിഷ്ടത്തിനനുസൃതം അവയിൽ പ്രവർത്തിച്ചുകൊണ്ടും ദൈവരാജ്യം നിരന്തരം അന്വേഷിക്കാൻ അല്മായർ വിളിക്കപ്പെട്ടിരിക്കുന്നു.

3) ഭൗതികജീവിതത്തിന്റെ എല്ലാ തലങ്ങളിലും വ്യാപരിക്കുന്നതോടൊപ്പം തങ്ങളുടെ ദൈവവിളിക്കനുസൃതം കുടുംബജീവിതത്തിന്റെയും സാമൂഹ്യജീവിതത്തിന്റെയും സാധാരണ സാഹചര്യങ്ങളിലും ക്രിയാത്മകമായി അല്മായർ പ്രവർത്തിക്കുന്നു.

4) തങ്ങളുടെ ചുമതലകൾ സുവിശേഷാരൂപിയാൽ നിറവേറ്റി സമൂഹത്തിന്റെ ഉള്ളിൽ നിന്ന് പുളിമാവുപോലെ ലോകത്തിന്റെ വിശുദ്ധീകരണത്തിനായി അവർ പ്രവർത്തിക്കുന്നു.

5) സമൂഹത്തിൽ വിശ്വാസത്തിലും പ്രത്യാശയിലും ഉപവിയിലുമുള്ള ജീവിതസാക്ഷ്യത്തിലൂടെ അവർ തങ്ങളുടെ സഹോദരങ്ങളുടെ മധ്യത്തിൽ ക്രിസ്തുവിനെ പ്രഘോഷിക്കുന്നു.

6) അല്മായർ ജീവിതസാന്നിധ്യവും സുവിശേഷസാക്ഷ്യവും വഴി ഭൗതികതലത്തെ പ്രസരിപ്പിക്കുകയും ക്രിസ്തീയചൈതന്യത്താൽ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ഭൗതികതലം മുഴുവൻ ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കനുസൃതമായി ക്രമീകരിക്കപ്പെടുന്നതിനും സ്രഷ്ടാവും രക്ഷകനുമായ ദൈവത്തിന്റെ മഹത്വത്തിലേയ്ക്ക് നയിക്കപ്പെടുന്നതിനും അവർ പരിശ്രമിക്കുന്നു.

## അദ്ധ്യായം 3

## അല്മായമുന്നേറ്റം: സമകാലിക വീക്ഷണങ്ങളും നടപടികളും



**സീറോ മലബാർ സഭയുടെ പ്രത്യേക നിയമമനുസരിച്ചു ക്രിയാത്മകമായ രീതിയിൽ കൂട്ടുത്തരവാദിത്വത്തിന്റെ വേദികളാണ് പള്ളിയോഗവും രൂപതാ പാസ്റ്ററൽ കൗൺസിലും. പങ്കാളിത്തപരമായ നേതൃത്വം ഇടവകതലത്തിലും രൂപതാതലത്തിലും നടപ്പിലാക്കാൻ ഈ സംവിധാനങ്ങൾ പ്രധാനപ്പെട്ടതാണ്.**

### 1. പ്രബോധനങ്ങൾ

അല്മായരെക്കുറിച്ചുള്ള സിനഡ് (1987), അതിനെത്തുടർന്നുള്ള ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ "ക്രിസ്തി ഫിദേലസ് ലായിച്ചി" എന്ന അപ്പസ്തോലിക പ്രബോധനം (1988), ഏഷ്യൻ സിനഡ് (1998), അതിനെത്തുടർന്ന് "എക്ലേസിയ ഇൻ ആസിയ" (1999) എന്ന അപ്പസ്തോലിക പ്രബോധനം, സഭാവിജ്ഞാനീയത്തിൽ സമകാലിക ദൈവശാസ്ത്രജ്ഞരുടെ വിചിന്തനങ്ങൾ ഇവയെല്ലാം അല്മായ ദൈവശാസ്ത്രത്തെ സജീവമാക്കി നിലനിർത്തുന്നു. അല്മായ വിശ്വാസികളുടെ മാഹാത്മ്യവും അവരുടെ ദൈവവിളിയുടെ പ്രത്യേകതയും ചൂണ്ടിക്കാട്ടിക്കൊണ്ട് 1988-ലെ അപ്പസ്തോലിക പ്രബോധനം അല്മായ ദൗത്യത്തിന്റെ സ്വഭാവം വിശദമാക്കുന്നു. പൊതുരംഗത്ത് സുവിശേഷ സാക്ഷ്യത്തിന്റെ രീതിയിൽ പ്രവർത്തിക്കാൻ ഈ പ്രബോധനം ആഹ്വാനം ചെയ്യുന്നു. ഏഷ്യൻ സിനഡിനുശേഷം മാർപാപ്പാ നൽകിയ "ഏഷ്യയിലെ സഭ" എന്ന പ്രബോധനത്തിൽ പങ്കാളിത്തപരമായ സഭയെയാണ് ആദർശപരമായി കാണുന്നത്. അല്മായർക്കും അജപാലകർക്കും സന്യസ്തർക്കും സഭയിൽ അവരവരുടേതായ ധർമ്മങ്ങൾ നിറവേറ്റാനുണ്ട്. ലോകത്തിലെ വിവിധ രംഗങ്ങളിലുള്ള പ്രവർത്തനങ്ങളാണ് അല്മായർക്കു സുവിശേഷവൽക്കരണത്തിന്റെ മാർഗ്ഗങ്ങളായി "ഏഷ്യയിലെ സഭ" എന്ന പ്രബോധനം ചൂണ്ടിക്കാണിക്കുന്നത്.

### 2. കൗൺസിലുകൾ

വത്തിക്കാൻ കൗൺസിലിനു ശേഷം അല്മായ പങ്കാളിത്തത്തിന്റേതായ ഘടനകൾ സഭയുടെ ജീവിതത്തിൽ സ്ഥായിയായ രൂപം പ്രാപിച്ചിട്ടുണ്ട്. ഇന്ത്യൻ സഭയുടെയും ആഗോളസഭയുടെയും പശ്ചാത്തലത്തിൽ പറഞ്ഞാൽ, പാരീഷ് കൗൺസിൽ, രൂപതാ പാസ്റ്ററൽ കൗൺസിൽ, കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ, അല്മായർക്കുവേണ്ടിയുള്ള എപ്പിസ്കോപ്പൽ കമ്മീഷൻ, അല്മായർക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിൽ എന്നീ ഘടനകൾ ശ്രദ്ധയർഹിക്കുന്നു.

സീറോ മലബാർ സഭയുടെ പ്രത്യേക നിയമമനുസരിച്ചു ക്രിയാത്മകമായ രീതിയിൽ കൂട്ടുത്തരവാദിത്വത്തിന്റെ വേദികളാണ് പള്ളിയോഗവും രൂപതാ പാസ്റ്ററൽ കൗൺസിലും. പങ്കാളിത്തപരമായ നേതൃത്വം ഇടവകതലത്തിലും രൂപതാതലത്തിലും നടപ്പിലാക്കാൻ ഈ സംവിധാനങ്ങൾ പ്രധാനപ്പെട്ടതാണ്. സഭയുടെ ദേശീയതലത്തിൽ കൂട്ടുത്തരവാദിത്വം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇന്ത്യയിലെ കത്തോലിക്കാ കോൺഫ്രൻസിലുണ്ടായ അവബോധത്തിൽ നിന്നാണ് ഇന്ത്യൻ കാത്തലിക് കൗൺസിൽ (Catholic Council of Indian).

അല്മായർക്കുവേണ്ടിയുള്ള എപ്പിസ്കോപ്പൽ കമ്മീഷൻ (Episcopal Commission for Laity) എല്ലാ അല്മായ പ്രസ്ഥാനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്. സഭയിലാകമാനമുള്ള അല്മായ സംരംഭങ്ങൾക്കും പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും സഹായിക്കുന്നതിനും വേണ്ടിയുള്ളതാണ് അല്മായർക്കുവേണ്ടയുള്ള പൊന്തിഫിക്കൽ കൗൺസിൽ (Pontifical Council for Laity) 1967 മുതൽ വത്തിക്കാനിൽ പ്രവർത്തിക്കുന്നത്.

എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു (യോഹ.14:27).

# LAITY VOICE

27




# പെസഹാരഹസ്യത്തിന്റെ കൗദാശികാഘോഷം

കഴിഞ്ഞ ലക്കം തുടർച്ച...

### ആരാധനാവൈവിധ്യവും രഹസ്യത്തിന്റെ ഏകത്വവും

**ഏകമായ ക്രിസ്തുരഹസ്യം എന്തുകൊണ്ടാണ് വ്യത്യസ്ത ആരാധനക്രമപാരമ്പര്യങ്ങളിലൂടെ സഭയിൽ ആഘോഷിക്കപ്പെടുന്നത്?**

ക്രിസ്തുരഹസ്യത്തിന്റെ അസുലഭസമ്പത്ത് ഏതെങ്കിലുമൊരു ആരാധനക്രമപാരമ്പര്യത്തിൽ മാത്രം പൂർണ്ണമായി പ്രകാശിപ്പിക്കാനാവില്ല. ആദ്യംമുതൽ തന്നെ, ഈ സമയത്ത് വിവിധ ജനതകളിലും സംസ്കാരങ്ങളിലും വ്യത്യസ്തവും പരസ്പരപൂരകങ്ങളുമായ സവിശേഷപ്രകാശനങ്ങൾ കണ്ടെത്തി.

**ആരാധനാപാരമ്പര്യങ്ങളുടെ വൈവിധ്യത്തിനിടയിൽ ഐക്യം ഉറപ്പുവരുത്തുന്ന മാനദണ്ഡമെന്ത്?**

ബഹുമുഖ ആരാധനകളെ ഏകമായി ഉറപ്പിക്കുന്ന മാനദണ്ഡം ശ്ലൈഹിക പാരമ്പര്യമാണ്, അതായത്, പിൻതുടർച്ചയാൽ സൂചിപ്പിക്കപ്പെടുകയും ഉറപ്പുനൽകുകയും ചെയ്യുന്ന കൂട്ടായ്മയും ശ്ലീഹന്മാരിൽ നിന്നു സ്വീകരിച്ച വിശ്വാസത്തിലും കൂദാശകളിലുമുള്ള സംസർഗ്ഗവുമാണ്. സഭ കാതോലികമാണ്, അതിനാൽ സംസ്കാരങ്ങളുടെ സത്യസമ്പത്തിനെയെല്ലാം സഭ തന്റെ ഏകതയിൽ സമഗ്രമാക്കുന്നു.

**ആരാധനക്രമത്തിൽ എന്തെങ്കിലും മാറ്റം വരുത്താനാകുമോ?**

ആരാധനക്രമത്തിൽ, സർവ്വോപരി കൂദാശകളിൽ ദൈവികസ്ഥാപനത്താൽ മാറ്റം വരുത്താനാവാത്ത ചില ഘടകങ്ങളുണ്ട്. അതുപോലെ മാറ്റത്തിനു വിധേയമായ ഘടകങ്ങളുമുണ്ട്. വിവിധ ജനതകളുടെ സംസ്കാരങ്ങളോട് ഈ ഘടകങ്ങളെ അനുരൂപപ്പെടുത്താൻ സഭയ്ക്ക് അധികാരവും ചിലപ്പോൾ അതിനുള്ള ചുമതലയും ഉണ്ട്.

## ഖണ്ഡം 1 മനുഷ്യന്റെ വിളി: ആത്മാവിലുള്ള ജീവിതം

## അദ്ധ്യായം 1

## മനുഷ്യവ്യക്തിയുടെ മഹത്വം

### മനുഷ്യൻ ദൈവത്തിന്റെ ഛായ

**എങ്ങനെയാണ് ക്രൈസ്തവ ധാർമ്മികജീവിതം വിശ്വാസത്തോടും കൂദാശകളോടും ബന്ധിതമായിരിക്കുന്നത്?**

വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്നതെന്തോ അത് കൂദാശകൾ പകർന്നുനൽകുന്നു, തീർച്ചയായും അവയിലൂടെ വിശ്വാസികൾ ക്രിസ്തുവിന്റെ കൃപയും പരിശുദ്ധാത്മാവിന്റെ ദാനങ്ങളും സ്വീകരിക്കുന്നു. വിശ്വാസത്തോടെ സ്വീകരിച്ചിരിക്കുന്ന ക്രിസ്തുവിൽ ദൈവപുത്രരെന്ന നിലയിലുള്ള പുതിയ ജീവിതം നയിക്കാൻ അത് അവരെ പ്രാപ്തരാക്കുന്നു.

**മനുഷ്യവ്യക്തിയുടെ മഹത്വത്തിന്റെ അടിസ്ഥാനം ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതിലാണ്. ആത്മീയവും അമർത്യവുമായ ആത്മാവിനാലും ബുദ്ധിശക്തിയാലും സ്വതന്ത്രമായ ഇച്ഛാശക്തിയാലും ആനുഗ്രഹിക്കപ്പെട്ട മനുഷ്യവ്യക്തി ദൈവോന്മുഖനും ആത്മാവിലും ശരീരത്തിലും നിത്യസൗഭാഗ്യത്തിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നവനും ആണ്.**

**മനുഷ്യ മഹത്വത്തിന്റെ അടിസ്ഥാനമെന്ത്?**

മനുഷ്യവ്യക്തിയുടെ മഹത്വത്തിന്റെ അടിസ്ഥാനം ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതിലാണ്. ആത്മീയവും അമർത്യവുമായ ആത്മാവിനാലും ബുദ്ധിശക്തിയാലും സ്വതന്ത്രമായ ഇച്ഛാശക്തിയാലും ആനുഗ്രഹിക്കപ്പെട്ട മനുഷ്യവ്യക്തി ദൈവോന്മുഖനും ആത്മാവിലും ശരീരത്തിലും നിത്യസൗഭാഗ്യത്തിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നവനും ആണ്.



### നിത്യസൗഭാഗ്യത്തിലേയ്ക്കുള്ള നമ്മുടെ വിളി

**എങ്ങനെയാണ് മനുഷ്യൻ നിത്യസൗഭാഗ്യം പ്രാപിക്കുന്നത്?**

ക്രിസ്തുവിന്റെ കൃപയുടെ ശക്തിയാൽ മനുഷ്യൻ നിത്യസൗഭാഗ്യം പ്രാപിക്കുന്നു. അത് അവനെ നിത്യജീവനിൽ പങ്കുചേർക്കുന്നു. സുവിശേഷത്തിൽ ക്രിസ്തു തനിക്ക് സ്വന്തമായുള്ളവരെ അന്തമില്ലാത്ത ആനന്ദത്തിലേയ്ക്ക് നയിക്കുന്ന വഴി ചൂണ്ടിക്കാട്ടുന്നു: അഷ്ടസൗഭാഗ്യങ്ങൾ. ഓരോ മനുഷ്യനിലും പ്രവർത്തനനിരതമായിരിക്കുന്ന ക്രിസ്തുവിന്റെ കൃപ, ശരിയായ മനസാക്ഷിയെ അനുഗമിച്ചുകൊണ്ട്, ശരിയും നന്മയുമായിട്ടുള്ളതിനെ അന്വേഷിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു, ഒപ്പം തിന്മയെ ഒഴിവാക്കുകയും ചെയ്യുന്നു.

(തുടരും)

**(പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്)**

**നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).**


Published and edited by Chevalier Adv.V C Sebastian
Valliamthadathil, Santhigri Residency,Palampra P.O., Kanjirapally
Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliervcsebastian@gmail.com


SHAIJU CHACKO7@GMAIL.COM

Private circulation